കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4.)1773./19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ലാ ഓഡിറ്റ് കാര്യാലയം<br>
തൃശ്ശൂർ -680 020<br>
ഫോൺ: 0487 2331249<br>
Email: dotsr.ksad@kerala.gov.in


തീയതി: 05/03/20

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)1773 /19 തീയതി05/03/20

# തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2018 മുതൽ 20.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ അതാത് സമയം അറിയിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.19 മുതൽ 29.11.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റീന ജോസഫ്<br>ഓഡിറ്റ് ഓഫീസർ |
| | സുനിൽ.പി.ബി<br>അസി.ഓഡിറ്റ് ഓഫീസർ |
| | സുധ.ഇ.എൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ജീജോ ജോബ്<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.പത്മജ | 1.4.18മുതൽ 31.3.19 വരെ |
| സെക്രട്ടറി | ശ്രീമതി.അജില.യു.എസ് | 1.4.18 മുതൽ 11.05.18 വരെ<br>18.06.18 മുതൽ 02.07.18 വരെ<br>20.10.18 മുതൽ 12.03.2019 വരെ |
| | ശ്രീ.എൻ.എം.ഷെരീഫ് | 03.07.18 മുതൽ 09.10.18 വരെ |
| | ശ്രീമതി.രോഹിണി.എം.എസ് (സെക്രട്ടറി ഇൻ ചാർജ്) | 12.05.18 മുതൽ 17.06.18 വരെ |

| | | | |
|---|---|---|---|
| | | | 10.10.18 മുതൽ 19.10.18 വരെ<br>13.03.19 മുതൽ 31.03.19 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ:</u>

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.രോഹിണി.എംഎസ് | 1.4.18മുതൽ31.03.19വരെ |
| കൃഷി ഓഫീസർ | അജി.കെ.എ | 1.4.18മുതൽ31.03.19വരെ |
| അസി.എഞ്ചിനീയർ | അജയകുമാർ.പി.കെ | 1.4.18മുതൽ31.03.19വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.സുരേഷ്.എ.വി | 1.4.18മുതൽ31.03.19വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.സിന്ധു ജോസഫ് | 1.4.18മുതൽ2.6.18 വരെ, 20.6.18മുതൽ7.12.18വരെ |
| | ഡോ.ഷീജമേനോൻ (അഡീഷണൽ ചാർജ്) | 3.6.18മുതൽ19.6.18 വരെ |
| | ഡോ.ജിജിമോൾ.പി | 8.12.18മുതൽ31.1.19 വരെ |
| | ഡോ.ഉഷ സലൂജ | 01.02.19 മുതൽ 31.03.19 വരെ |
| വി.ഇ.ഒ(ചെറുതുരുത്തി സർക്കിൾ) | ശ്രീ. നൗഷാദ്.വി | 1.4.18മുതൽ 31.3.19 വരെ |
| വി.ഇ.ഒ (നെടുമ്പുര സർക്കിൾ) | ശ്രീമതി. ജ്യോതി.എൻ.എൻ | 1.4.18മുതൽ30.11.18 വരെ |
| | ശ്രീ.രഞ്ജിത്ത് റാഫേൽ | 1.12.18മുതൽ31.3.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഗുണാതീത | 1.4.18മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി.വസുമതി.കെ.ബി | 1.4.18മുതൽ31.3.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നാൻസി.കെ.വർഗീസ്<br>സുരേഷ് കുമാർ.എ | 11.7.18മുതൽ19.2.19 വരെ<br>20.2.19മുതൽ31.3.19വരെ |
| ഹെഡ്മിസ്ട്രസ്, | ശ്രീമതി.സാവിത്രി.സി.എ | 1.4.18മുതൽ 19.7.18 വരെ |
| | ശ്രീമതി.വൽസല | 20.7.18മുതൽ31.3.19വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം-1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | കാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |

| | | |
|---|---|---|
| 12 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-12 |
| 13 | വസ്തുനികുതി നിർണ്ണയ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകളിൽ കണ്ട അപാകതകൾ | 1-13 |
| 14 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-14 |
| 15 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക-ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ് | 1-15 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 17 | പരസ്യബോർഡ് സ്ഥാപിക്കുന്നതിന് ലൈസൻസ് - നിയന്ത്രണാധികാരം കാര്യക്ഷമമായി വിനിയോഗിക്കേണ്ടതാണ് | 1-17 |
| 18 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കുന്നില്ല | 1-18 |
| 19 | പൊതു ശ്മശാന നടത്തിപ്പ്- അപാകതകൾ | 1-19 |
| 20 | മാനുവൽ രസീത് പിരിവ് - കുറവായി അടവാക്കിയ തുക തിരിച്ചടച്ചു | 1-20 |
| 21 | രാമ പഞ്ചായത്ത് തെരുവു വിളക്കുകളുടെ പരിപാലനം,പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ് എന്നിവയ്ക്ക് ആകെ വസ്തുനികുതി ഡിമാന്റിനേക്കാൾ കൂടിയതുക പ്രതിവർഷം ചെലവഴിക്കുന്നു- സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ് | 1-21 |
| 22 | കരാർ അടിസ്ഥാനത്തിൽ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിന് ശമ്പളത്തോടു കൂടി പ്രസവാവധി അനുവദിച്ചത് ക്രമപ്രകാരമല്ല | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി- ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല | 1-23 |
| 24 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-24 |
| 25 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-25 |
| 26 | മഴക്കാല പൂർവ്വ ശുചീകരണം- മുഴുവൻ വൗച്ചറുകളും ഹാജരാക്കിയില്ല | 1-26 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം | 1-27 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല | |
| 28 | ബാലോത്സവം-പഠന യാത്ര പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 29 | പൊതുമരാമത്ത് പ്രവൃത്തികൾ പൊതു അപാകതകൾ | 1-29 |
| 30 | രജിസ്റ്ററുകളുടെ-രേഖകളുടെ പരിപാലനം | 1-30 |
| 31 | കൺവീനർക്ക് അധികം നൽകിയ തുക ഈടാക്കേണ്ടതാണ് | 1-31 |
| 32 | ആസ്തികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-32 |
| 33 | വിവിധ കുടിവെള്ള പ്രോജക്ടുകൾ സംബന്ധിച്ച് | 1-33 |
| 34 | അംഗൻവാടി ജീവനക്കാരുടെ അധിക പ്രതിഫലം - തുക അടവാക്കിയതിന്റെ ട്രഷറി ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-34 |
| 35 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല | 1-35 |
| 36 | ആശ്രയ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല - ലക്ഷങ്ങൾ സി.ഡി.എസ്. അക്കൗണ്ടിൽ വിനിയോഗിക്കാതെ കിടക്കുന്നു | 1-36 |
| 37 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ | 1-37 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 38 | കരാർ അടിസ്ഥാനത്തിൽ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിന് പ്രസവാവധിക്കാലത്ത് നൽകിയ ഓണറേറിയം നിരാകരിക്കുന്നു | 3-1 |
| 39 | ബാലോത്സവം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 3-2 |
| 40 | അധികം നൽകിയ തുക ഈടാക്കേണ്ടതാണ് | 3-3 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 43 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 46 | സ്ഥിര നിക്ഷേപം | 4-6 |
| 47 | ഓഡിറ്റ് റിക്കവറി | 4-7 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 51 | അനുബന്ധം –1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 52 | അനുബന്ധം – 2 ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തികവർഷത്തെ ബജറ്റ് 15.03.2018 തിയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 28.01.2019 തിയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുകയും ചെയ്തു. അത് പ്രകാരം വരവ് 94522997 രൂപയും ചെലവ് 93698847 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 15.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33,32,752 |
| വരവ് | 9,45,22,997 |
| ആകെ | 9,78,55,749 |
| ചെലവ് | 9,36,98,847 |
| നീക്കിയിരിപ്പ് | 41,56,902 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14855000 | 14855000 | 14469916 | 385084 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6423000 | 6423000 | 6287920 | 135080 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 31000 | 31000 | - | 31000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12358000 | 12358000 | 12358000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3065000 | 3065000 | 3065000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6894000 | 6894000 | 5613653 | 1280347 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 172 | 140542051 | 119 | 73451206 | 39 | 14 | 52.26 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകൾ-14 എണ്ണം

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | 4611.70 | 629298 | 633909.7 | 633508 | 401.70 | റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 23229759 | 23229759 | 24927401 | - | ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം |

വാർഷിക കണക്കും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-11(4) കാണുക

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 111360 | ലഭ്യമല്ല |
| കർഷകതൊഴിലാളി പെൻഷൻ | 3280200 | 779 |
| വിധവാ പെൻഷൻ | 16834900 | 3891 |
| വാർദ്ധക്യകാല പെൻഷൻ | 18073400 | 4058 |
| വികലാംഗപെൻഷൻ | 4157200 | 946 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1310800 | 304 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 420000 | 14 |

# 1-8 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18188/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക പദ്ധതി രൂപീകരണത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
16.11.2017 ലെ GO(ms) 224/2017 തസ്വഭവ ഉത്തരവ് പ്രകാരം ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കുന്നതിനും അവസ്ഥാ രേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളുടേയും സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികളുടേയും പ്രവർത്തനത്തിൽ പുരോഗതിയുണ്ടായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

<u>1.പ്രാദേശികാസൂത്രണത്തിൽ ആസൂത്രണ സമിതി മേൽനോട്ടം വഹിക്കണം.</u>

വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും അക്കാദമിക് സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങി തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ ഏകോപിപ്പിക്കുന്നതിൽ പ്രധാന ദൗത്യമാണ് ആസൂത്രണ സമിതിക്ക് നിർവ്വഹിക്കാനുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതായി മിനുട്സിൽ രേഖപ്പെടുത്തലില്ല.

<u>2. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മേൽനോട്ടം ശക്തിപ്പെടുത്തണം</u>

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ

നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണോയെന്നും, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ സമയങ്ങളിൽ യോഗം ചേർന്ന് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ കൂടുതൽ മേൽനോട്ടമുണ്ടാവണം. ഇതുമായി ബന്ധപ്പെട്ടുള്ള കൂട്ടായ പരിശോധനയുടേയും തീരുമാനങ്ങളുടേയും രേഖപ്പെടുത്തലുകൾ മിനിട്സിലുണ്ടാവണം. ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചാലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അടിസ്ഥാന ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ നടത്തിയ പരിശോധനയുടെ വിശദാംശം മിനിട്സിലില്ലായെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലകളിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പ് വരുത്തണം. ഓഡിറ്റ് വർഷം വിർവഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് വിദ്യാഭ്യാസമേഖലയിൽ ഒരു പ്രോജക്ട് പോലും നടപ്പാക്കിയിട്ടില്ല. സർക്കാർ സ്കൂളുകളിലെ പഠനനിലവാരം ഉയർത്തുക, സ്കൂളുകളിൽ ഫർണിച്ചർ ലഭ്യമാക്കുക, സ്കൂൾ പശ്ചാത്തലവികസനം ഉറപ്പു വരുത്തുക, ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തുക തുടങ്ങിയ മേഖലകളിൽ പ്രോജക്ടുകൾ നടപ്പാക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. വാർഷിക പദ്ധതിയിൽ 000 പ്രോജക്ടുകൾ ഉൾപ്പെടുത്തിയതിൽ നിർവ്വഹണ പുരോഗതി പരിശോധിച്ചതിൽ 42ശതമാനത്തോളം പ്രോജക്ടുകൾ നടപ്പിലാക്കാതെ പോയ സാഹചര്യം പരിശോധനാ വിധേയമാക്കണം.

## 3.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മേൽനോട്ടമുണ്ടാവണം

വർക്കിംഗ് ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട വിഷയ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് തയ്യാറാക്കിയ അവസ്ഥാ രേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ടിൽ) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾ നിർദ്ദേശിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിച്ച ശേഷം സ്ഥാപനത്തിൽ നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കാൻ നിർദ്ദേശമുള്ളതാണ്. എന്നാൽ പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഉൾപ്പെടുത്തി അവസ്ഥാരേഖ അപ്ഡേറ്റ് ചെയ്യാതെയാണ് പ്രോജക്ടുകൾ തയ്യാറാക്കിയത്. പദ്ധതി രൂപീകരണത്തിലെ അടിസ്ഥാനപരമായ വ്യതിയാനം ഇതിന് മേൽനോട്ടം വഹിക്കാൻ ചുമലപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ശ്രദ്ധയിൽപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പദ്ധതി രൂപീകരണഘട്ടത്തിന് ശേഷം നിർവഹണ പുരോഗതി, മോണിറ്ററിംഗ് ഘട്ടങ്ങളിലുണ്ടായിട്ടില്ല. അപ്ഡേറ്റ് അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കാനും അവിടെ നടക്കുന്ന ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കാനും തുടർന്ന് ഭരണ സമിതിയുടേയും വികസനസെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കാനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിയമപരമായി ബാധ്യതയുണ്ട്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകളെ മോണിറ്ററിംഗ് കമ്മറ്റികളായി രൂപാന്തരപ്പെടുത്തി പ്രവർത്തിക്കാനുള്ള നിർദ്ദേശവും നടപ്പിലാക്കേണ്ടതാണ്.ഓഡിറ്റ് വർഷം നടപ്പാക്കിയ ഒരു പ്രോജക്ടിലും മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഇല്ല.

## 4.ഗ്രാമസഭാ യോഗങ്ങൾ വർക്കിംഗ് നിർദ്ദേശങ്ങൾ ഗൗരവതരമായ പരിശോധനക്ക് വിധേയമാക്കണം

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ യോഗങ്ങളുടെ ഫോട്ടോ സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. ഗ്രാമസഭാ യോഗ മിനുട്സുകളിൽ രേഖപ്പെടുത്തിയ നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ ഫോറം 1 ൽ വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കാനായി തയ്യാറാക്കിയ നിർദ്ദേശങ്ങൾക്ക് പുറമെ അധികമായി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദിഷ്ഠ ഫോറത്തിൽ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ യോഗങ്ങളിൽ ഗൗരവതരമായ പരിശോധനക്ക് വിധേയമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. യോഗങ്ങളുടെ നടപടിക്രമങ്ങളുടെ വിവരം കൃത്യമായി മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

## 5.വികസന സെമിനാറിൽ കരട് പദ്ധതിയുടെ പരിശോധന കാര്യക്ഷമമാക്കണം

2018-19 ലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണ സമിതി മുൻഗണനകളും വിഭവലഭ്യത പരിഗണിച്ചും തയ്യാറാക്കുന്ന കരട് പദ്ധതി രേഖ പരിശോധിക്കാനായുള്ള ഏകദിന വികസന സെമിനാറിൽ പങ്കെടുക്കേണ്ടത് ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, പ്രമോട്ടർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളാണെങ്കിലും മിനിട്സിൽ പങ്കെടുത്തവരുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. സെമിനാറിൽ ഗ്രാമ സഭകളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ പങ്കെടുത്തിരുന്നോയെന്ന് പോലും വ്യക്തമല്ല. യോഗ നടപടിക്രമങ്ങൾ ഗ്രാമസഭാ യോഗത്തിന്റെ മാതൃകയിൽ അനുയോജ്യമായ മാറ്റം വരുത്തി നടത്താനാണ് നിർദ്ദേശമുള്ളത്. പഞ്ചായത്തിന്റെ വികസനകാഴ്ചപ്പാട്, മിഷൻപ്രവർത്തനങ്ങളും വാർഷിക പരിപാടിയും, മുൻവർഷ വാർഷിക പദ്ധതി റിപ്പോർട്ട്, വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയുടെ അവതരണം സംബന്ധിച്ച യോഗത്തിന്റെ നടപടിക്രമത്തിൽ ഉണ്ടായിരിക്കേണ്ടവ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വിവിധ മേഖലയിലെ ആവശ്യങ്ങളുടെ പരിഹാരമായി പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളെ പര്യാപ്തമാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവുമുണ്ടാവണം. തദ്ദേശ സ്ഥാപനത്തിന്റെ ദീർഘകാല വികസനത്തിന് ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുന്നതിന് ചുമതലപ്പെട്ട ആസൂത്രണ സമിതിയുടെ പ്രവർത്തനം കുടുതൽ മെച്ചപ്പെടുത്തണം. പരിഷ്കരിച്ച അവസ്ഥാ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി വാർഷിക പദ്ധതി തയ്യാറാക്കാനും നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്താക്കളുടെ അർഹത, മുൻഗണന പരിശോധനയിലും പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നതിലും വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്വം കൃത്യമായി നടപ്പിലാക്കാൻ തദ്ദേശഭരണ സ്ഥാപനത്തിനാവണം.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 11.11.2019 | 7/2019 – 9/2019 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 18.9.2015 | 2010-11 മുതൽ 2014-15 വരെ | 06.11.2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ

പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 2.1തൻവർഷം

### 2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2296702 | 2261829 | 32091 | 2782 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2296702 | 2261829 | *144298 | 2782.85 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

* 350410101 advance collection of revennuesഎന്ന ശീർഷകത്തിൻെറ ലഡ്ജർ പ്രകാരം 1352+142946 രൂപ 2018-19 വർഷത്തിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ വാർഷിക കണക്ക് B-9 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ വരവില്ല.

### 2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1942266 | 1894761 | 9535 | 37970 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1942266 | 1894761 | - | 37970 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2017-18 വർഷത്തെ വാർഷിക കണക്ക് B-9 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ വരവില്ല.

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 20036 | 20036 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 20036 | 0 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2017-18 വർഷത്തെ വാർഷിക കണക്ക് B-15 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ ഇനത്തിൽ കുടിശ്ശിക ഇല്ല .

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 35186* | 11136 | 24050 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 27287 | 11136 | 24050 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*അരിയർ ഡിമാൻറിൽ വ്യത്യാസമുണ്ട്.

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 117033 | 1151 | 118184 | 114924 | 1151 | 116075 | 2097 | | 142 | - | 142 |
| | നോൺ-റെസിഡൻഷ്യൽ | 98031 | 1774 | 99805 | 95251 | 539 | 95790 | 672 | | 1901 | 1233 | 3134* |
| | ആകെ | | | 217989 | | | 211865 | 2769 | | | | 3276 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 213314 | | | 211389 | | | | 210072 | | | 3242 |
| | | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | govt. Cess/levies...... ലെഡ്ജർ 2018-19) | | | ലെഡ്ജർ 2018-19) | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ 2.3 എന്നി ഖണ്ഡികയിലെ പട്ടിക).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രം.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 13769 | 8139 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 10565 | 7864 |

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 211389/- രൂപയാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 211865/-രൂപയും ആണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തിവരുന്ന 431910101 സ്റ്റേറ്റ് govt.cesses/levies in property tax control Account എന്ന ലഡ്ജറിൽ നിന്നും ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ ആകെ കുടിശ്ശിക ഉൾപ്പെടെ കളക്ട് ചെയ്ത തുകയാണ് Demandൽ നിന്നും കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സിന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്നുമാത്രമല്ല, മേൽപ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 210072/-രൂപയാണ്. (വൗച്ചർ നം.41800353, 41800372, തീയ്യതി.31.03.19) (പട്ടിക2.3 കാണുക)

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 10010രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരം ചെലവ് 25561310.7രൂപയാണ്. 2018-19 Anual Financial Statementപ്രകാരം വരവ് 23229759 ഉം, I-14(a) പ്രകാരം ചെലവ് 25560909/- രൂപയുമാണ്. തുകകളിലെ വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.

5.ശുചിത്വ മിഷൻ, വിമുക്തി, ടോട്ടൽ സാനിട്ടേഷൻ എന്നീ പ്രത്യേക ഉദ്ദേശ്യ ഗ്രാൻറ് എന്നിവകൾക്ക് പ്രത്യേകം ACRസൂക്ഷിച്ചിട്ടില്ല.

6.ലഭ്യമാക്കിയ രേഖകൾ പ്രകാരം വസ്തു നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് 48100 രൂപ കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് BSNLന് എതിരെ കേസും സ്വകാര്യ വ്യക്തികളിൽ നിന്നും 16702 രൂപ പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസും നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് B-15 പ്രകാരം

25253 രൂപ മാത്രമാണ് കുടിശ്ശിക രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വിശദീകരിക്കേണ്ടതാണ്.

7.ലേല രജിസ്റ്റർ പ്രകാരം കടമുറികളുടെ ലേലത്തിൻെറ ഡെപ്പോസിറ്റ് ഇനത്തിൽ 56000 രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.18-19 AFS RP 34 പ്രകാരം ഈ ഇനത്തിൽ വരവ് 163500 രൂപയാണ്. വ്യത്യാസത്തിന് കാരണം വിശദീകരിയ്ക്കേണ്ടതാണ്.

8.RP-5 പ്രകാരമുള്ള വരവുകൾ പരിശോധിയ്ക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9.RP-4പ്രകാരമുള്ള fees and user charge പരിശോധിയ്ക്കുന്നതിനാവശ്യമായ പെർമിറ്റ് രജിസ്ററർ ഒഴികെയുള്ള മറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10.റെൻറ് ഡെപ്പോസിറ്റ് -ചെലവ് വാർഷിക ധനകാര്യപത്രിക പ്രകാരം (RP34 ഷെഡ്യൂൾ) 206000 രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 431523 രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. 225523 (431523-206000) കാലാഹരണപ്പെട്ട നിക്ഷേപ തുകയായി ജേണൽ വൗച്ചർ മുഖേന തനതുഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയതായി അറിയിച്ചിട്ടുണ്ട്. അനുബന്ധ ജേണൽ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11.ഡെപ്പോസിറ്റ് രജിസ്ററർ പ്രകാരം റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് ഇനത്തിൽ 134500 രൂപ (OB-2500+132000) വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. RP-34 പ്രകാരം ഇത് other deposit-revenue എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 60000 രൂപ മാത്രം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

12.RP-34 പ്രകാരം 340800101 deposit received from others എന്ന ഇനത്തിൽ 31350 രൂപ വരവുണ്ട്.ആയത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

13.B-5 ഷെഡ്യൂൾ പ്രകാരം 19099577രൂപ വായ്പ ഇനത്തിൽ തിരിച്ചടക്കാനുണ്ട്, എന്നാൽ സെക്വേഡ് ലോണിന്റെ വരവ് ചെലവ് പരിശോധിയ്ക്കുന്നതിനാവശ്യമായ പാസ് ബുക്ക്, ലോൺ രജിസ്റ്റർ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

14.2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം തനത്ഫണ്ട് VPFA 2 എന്ന അക്കൗണ്ടിൽ 55569 രൂപ (40(b) പ്രകാരം) നീക്കിയിരിപ്പുണ്ടായിരുന്നു. 18-19 വാർഷിക ധനകാര്യപത്രിക 40(b) പ്രകാരമുള്ള നീക്കിയിരിപ്പിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല. ഇക്കാര്യം അന്വേഷിച്ചതിൽ A/C NO VPFA 783/02എന്ന അക്കൗണ്ടിൽ 3 വർഷത്തിൽ കൂടുതലായി ഇടപാടുകളില്ലാത്തതിനാൽ 2515-00-911 എന്ന ശീർഷകത്തിലേക്ക് 27-11-2017-ട്രഷറിയിൽ നിന്നും നേരിട്ട് തിരിച്ചടച്ചതായും ജില്ലാ ട്രഷറി ഓഫീസറുടെ Lr.No.D1-3715/2018 dt-12-4-19 കത്തു പ്രകാരം ടി തുക തിരികെ നൽകുന്നതിന് അക്കൗണ്ടൻറ് ജനറലിന് കത്തു നൽകിയതായും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കേരള കലാമണ്ഡലം കല്പിത സർവകലാശാലയിൽ താത്ക്കാലികമായി നിയമിച്ചിരിക്കുന്ന ഓഫീസ് ജീവനക്കാരുടെ തൊഴിൽനികുതി സ്റ്റേറ്റ് മെന്റ് പ്രകാരം സ്ലാബിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിരിക്കുന്നത് നിശ്ചിത മാതൃകയിലല്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, (തസ്തിക രേഖപ്പെടുത്തിയിട്ടില്ല) | അർദ്ധവാർഷിക ശമ്പളം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം |
| 1 | ഗോപാലകൃഷ്ണൻ.പി.ജി. | 126000 | 1250 | 1000 | 250 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | വിജയൻ.എം. | 126000 | 1250 | 1000 | 250 |
| 3 | ഫ്രാൻസിസ്.പി.പി. | 126000 | 1250 | 1000 | 250 |
| 4 | വിജീഷ.കെ.കെ | 119700 | 1000 | 750 | 250 |
| 5 | ഗീത.എ. | 119700 | 1000 | 450 | 550 |
| 6 | സ്മിത കൃഷ്ണകുമാർ | 119700 | 1000 | 450 | 550 |
| 7 | രാഹുൽ.ഇ.ആർ | 119700 | 1000 | 600 | 400 |
| 8 | സുമേഷ്.എം. | 119700 | 1000 | 600 | 400 |
| 9 | പ്രീത.കെ.വി. | 119700 | 1000 | 600 | 400 |
| 10 | മുരളീധരൻ.കെ. | 113400 | 1000 | 750 | 250 |
| 11 | ഷൈലജ.എം.പി. | 103950 | 1000 | 450 | 550 |
| 12 | രഞ്ജിനി. | 119700 | 1000 | 600 | 400 |
| 13 | ശശികുമാർ.പി.കെ. | 103950 | 1000 | 750 | 250 |
| 14 | രവീന്ദ്രൻ.കെ.സി. | 103950 | 1000 | 750 | 250 |
| 15 | സുജാത | 103950 | 1000 | 750 | 250 |
| 16 | ദിവ്യ.പി. | 103950 | 1000 | 750 | 250 |
| 17 | ശ്രീമതി | 103950 | 1000 | 750 | 250 |
| 18 | കൃഷ്ണനുണ്ണി.പി. | 103950 | 1000 | 750 | 250 |
| 19 | സതീഷ്.എൻ | 103950 | 1000 | 750 | 250 |
| 20 | ശശീന്ദ്രൻ.എ. | 103950 | 1000 | 0 | 1000 |
| 21 | അരുൺ.ഒ.വി. | 103950 | 1000 | 750 | 250 |
| 22 | രമേഷ് കുമാർ | 103950 | 1000 | 450 | 550 |
| 23 | സോഹൻ | 103950 | 1000 | 450 | 550 |
| 24 | നാരായണൻ | 103950 | 1000 | 450 | 550 |
| 25 | രാധ.വി.കെ. | 103950 | 1000 | 750 | 250 |
| 26 | രാജേന്ദ്രൻ.വി.എൻ | 113400 | 1000 | 750 | 250 |
| 27 | വിജേഷ്.കെ.വി. | 103950 | 1000 | 450 | 550 |
| 28 | രാജു ബാബു | 103950 | 1000 | 450 | 550 |
| 29 | സുനീഷ്.എൻ.എസ്. | 103950 | 1000 | 300 | 700 |
| 30 | ഉഷാ ഗോപിദാസ് | 81000 | 750 | 300 | 450 |
| | | ആകെ | | | 11,900 |

ടി സ്റ്റേറ്റ് മെന്റിലെ ക്രമനമ്പർ 90 മുതൽ 108 വരെയുള്ള ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഇവരിൽ നിന്നും 300 രൂപ മുതൽ 450 രൂപ വരെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ എപ്രകാരമാണ് തൊഴിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല.

2. കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയിൽ താത്ക്കാലികമായി നിയമിച്ചിരിക്കുന്ന കളരി, സ്കൂൾ, കോളേജ് അധ്യാപകരുടെ തൊഴിൽ നികുതി സ്റ്റേറ്റ് മെന്റിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ മേൽ പറഞ്ഞ പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് (139 വ്യക്തികളിൽ നിന്നും 93500 രൂപ). അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ എപ്രകാരമാണ് തൊഴിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല.

3. കേരള കലാമണ്ഡലം കല്പിത സർവകലാശാലയിൽ താത്ക്കാലികമായി നിയമിച്ചിരിക്കുന്ന ഓഫീസ് ജീവനക്കാർ, കളരി, സ്കൂൾ, കോളേജ് അധ്യാപകർ എന്നിവരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ, അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ വിവിധ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു.(245 പേരിൽ നിന്നും 2,65,950 രൂപ). അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ എപ്രകാരമാണ് തൊഴിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല.

4. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി സ്റ്റേറ്റ് മെന്റ്

പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഡി.സി.ബി. തയ്യാറാക്കി ആധികാരികമാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്അന്വേഷണത്തിന്(15/28-11-19) തൊഴിൽ നികുതി കുടിശ്ശിക സംബന്ധിച്ച് കേരള കലാമണ്ഡലത്തിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അടുത്തമാസത്തെ ശമ്പളത്തിൽ ഈടാക്കി പഞ്ചായത്തിൽ അടവാക്കാമെന്ന് അറിയിച്ചതായും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് ശുപാർശകൾ

1.തൊഴിൽ നികുതി സ്വീകരിക്കുമ്പോൾ തൊഴിൽ നികുതി വരുമാന പത്രികയിൽ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും, ജീവനക്കാരിൽ നിന്നും സ്ലാബിനനുസരിച്ച് നികുതി ഈടാക്കി അടവാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

2. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെയും ഒന്നാം അർദ്ധവർഷത്തെയും രണ്ടാം അർദ്ധവർഷത്തെയും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ഡി.സി.ബി. സംക്ഷിപ്തം തയ്യാറാക്കി ആധികാരികമാക്കേണ്ടതുമാണ്.

1. മേൽ ഖണ്ഡിക (1)ൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ള തുക കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പിൽ നൽകിയ അധികാര വ്യവസ്ഥകൾ പ്രകാരം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ തൊഴിലുടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം 257(1)-ാം വകുപ്പ് ആറാം പട്ടികയിൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരം പിഴ ഈടാക്കേണ്ടതുമാണ്.

2. കേരള പഞ്ചായത്ത് രാജ് നിയമം 205ബി വകുപ്പ് പ്രകാരം നോട്ടീസ് നൽകി സെക്രട്ടറി പഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരിൽ നിന്നും അവരുടെ വരുമാനമനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-13 വസ്തുനികുതി നിർണ്ണയ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകളിൽ കണ്ട അപാകതകൾ

വസ്തുനികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച ഫയലുകളും കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഫയലിൽ നോട്ട് ഫയൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽത്തന്നെ കെട്ടിടത്തിന് അനുവദിച്ച നമ്പറുകൾ ഏതാണെന്നോ, കെട്ടിടത്തിന്റെ തറവിസ്തീർണ്ണം എത്രയാണെന്നോ, ഏത് നിരക്കിലാണ് നികുതി നിശ്ചയിച്ചതെന്നോ, വസ്തുനികുതി കണക്കാക്കിയ വിവരങ്ങളോ, വസ്തുനികുതി അടവാക്കിയ രസീത് വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ആയതിനാൽ വസ്തുനികുതി കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

2. "സഞ്ചയ" പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ സ്റ്റേറ്റ് മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. വസ്തുനികുതി നിർണ്ണയ ഫയലിനൊപ്പം പെർമിറ്റ് അനുവദിച്ച ഫയൽ സൂക്ഷിച്ചിട്ടില്ല.

ഉദാ- 1. 9/354 D to I – മൊയ്തീൻകുട്ടി മുസ്യാർ & അബ്ദുൾ ഖാദർ സഖാഫി എന്നവരുടെ കെട്ടിടം

2. 6/447 A to D – ജിതേഷ്, തോട്ടത്തിൽ, പൈങ്കുളം „

3. 4/413 A to C – ശിവശങ്കരൻ നായർ & ശ്രീജ പ്രസാദ് „

4. കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലിനൊപ്പം നോട്ട് ഫയൽ ഇല്ല.

5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-12-15 ലെ 12900/ആർ.എ1/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥല പരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വെ/ റീസർവ്വെ നമ്പർ, വിസ്തൃതി വഴിയുടെ വീതി, സ്ഥലത്തിന്റെ തരം , ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധിച്ച കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ , പ്ലാൻ പ്രകാരം

ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോ എന്നും റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ മേൽ വിശദാംശങ്ങൾ പരിശോധന റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല.

കൂടാതെ മേൽ സർക്കുലർ പ്രകാരം ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണവകാശം, എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ്/കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ, എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്/സീൽ പതിപ്പിക്കേണ്ടതാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഉദാ- 1.പെർമിറ്റ് നം. എ2-ബി.എ(9812/18) തീയതി 08.05.18- ഉസ്മാൻ & ഷാഹുൽ ഹമീദ്

2 .പെർമിറ്റ് നം. എ2-ബി.എ(24869/18) തീയതി 14.08.18- മുഹമ്മദ് അഷ്റഫ് പി.എ, പള്ളി വളപ്പിൽ

3. പെർമിറ്റ് നം. എ2-ബി.എ(258190/18) തീയതി 09.10.18- ബീരാൻ, പാട്ടത്തിൽ

4. പെർമിറ്റ് നം. എ2-ബി.എ(6673/18) തീയതി 12.03.19- പ്രേമൻ, പെപ്കോ റിസോർട്ട്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (ഓഡിറ്റ് അന്വേഷണം നം.20/19-20) മേൽ സൂചിപ്പിച്ച ഫയലുകളുടെ സൂചിക യിൽ തയ്യാറാക്കിയ നോട്ട് ഫയൽ, സഞ്ചയ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയ ഫോറം എന്നിവ നൽകിയിട്ടുണ്ട്. നോട്ട് ഫയലുകളിലും, സാങ്കേതിക അന്വേഷണം നടത്തിയ റിപ്പോർട്ടിലും മേൽ സൂചിപ്പിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-14 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ശ്രീ. മൊയ്തീൻ കുട്ടി മുസ്ല്യാർ മുതൽ പേരുടെ പേരിലുള്ള കെട്ടിടത്തിന് 9/354 D മുതൽ I വരെയുള്ള കെട്ടിട നമ്പറുകളാണ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ വസ്തുനികുതി നിർണ്ണയ പത്രിക പ്രകാരം ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിന് പരിഗണിച്ച തറ വിസ്തീർണ്ണം താഴെ പറയും പ്രകാരമാണ്.

| കെട്ടിടനമ്പർ | തറവിസ്തീർണ്ണം |
|---|---|
| 9/354 D | 291.44 ച.മീ.(വിദ്യാഭ്യാസാവശ്യം) |
| 9/354 E | 19.2 ച.മീ. (വാണിജ്യം) |
| 9/354 F | 36.1 ,, |
| 9/354 G | 41.83 ,, |
| 9/354 H | 37.97 ,, |
| 9/354 I | 86.50 ,, |
| ആകെ | 291.44ച.മീ. (വിദ്യാഭ്യാസം) + 221.6 ച.മീ (വാണിജ്യം) |

എന്നാൽ പൂർത്തീകരണ പ്ലാൻ പ്രകാരവും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരവും വാണിജ്യ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 239.27 ച.മീ. ആണ്. മേൽ കെട്ടിടനമ്പറുകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചത് 221.6 ച.മീ. തറവിസ്തീർണ്ണത്തിന് മാത്രമാണ്.

2. ശ്രീ. ജിതേഷ്, തോട്ടത്തിൽ, പൈങ്കുളം എന്നയാളുടെ വാണിജ്യ കെട്ടിടത്തിന് 6/447 A മുതൽ D വരെയുള്ള നമ്പറുകളാണ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ വസ്തുനികുതി നിർണ്ണയ പത്രിക പ്രകാരം റോഡിന്റെ തരം എന്ന കോളത്തിൽ ചേർത്തിരിക്കുന്നത് " 1.5 മീറ്ററിൽ കൂടുതൽ " എന്നാണ്. എന്നാൽ പൂർത്തീകരണ പ്ലാനിലെ സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 11.30 മീറ്റർ വീതിയുള്ള റോഡരികിലാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം

അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. സഞ്ചയ യിൽ റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തപ്പെട്ടതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ വരേണ്ടതായ വർദ്ധനവ് വന്നിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി(ഓഡിറ്റ് അന്വേഷണം നമ്പർ21/30.11.19) അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

# 1-15 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക-ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് കെട്ടിടങ്ങളിലായി 59 കടമുറികളാണ് ഉള്ളത്. 06.02.2018 ലെ 14-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം 2018-19 വർഷത്തിൽ വാടക വർദ്ധനവ് വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ തയ്യാറാക്കി സർക്കാറിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജി.ഒ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിവയ്ക്ക് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് എന്നത് യഥാക്രമം 500, 1000, 5000, 10000, 15000 ആണ്. പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ 426 ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അതിൽ 42 സ്ഥാപനങ്ങളിൽ നിന്നു മാത്രമേ 500 രൂപയോ അതിൽ കൂടുതലോ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുള്ളൂ. ലൈസൻസിനുള്ള അപേക്ഷകളിൽ സംരംഭങ്ങളുടെ മൂലധന നിക്ഷേപം എത്രയാണെന്ന് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. Pollution control board ന്റെ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലും ബാധകമായ നിരക്കിൽ ലൈസൻസ് ഫീസ് വാങ്ങിയിട്ടില്ല. ഉദാ- റിവർ റിട്രീറ്റ് ഹെറിറ്റേജ് ആയുർവേദ റിസോർട്ട് എന്ന സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം 4.20 കോടിയാണ്. 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതുമായ സേവന മേഖലയിലെ സംരംഭങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് 10000/- രൂപയാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത് 2000 രൂപമാത്രമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 14/28.11.19) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് ശുപാർശകൾ

1. ലൈസൻസ് ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, ലാർജ് എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.
2. പുതുക്കിയ ചട്ടങ്ങളിലെ മാറ്റങ്ങൾ പ്രകാരം അപേക്ഷാ ഫോമിലും അനുവദിക്കുന്ന ലൈസൻസിലും മാറ്റങ്ങൾ വരുത്തേണ്ടതാണ്.
3. ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനത്തിന്റെ കെട്ടിടനമ്പർ, എന്താവശ്യത്തിനാണ് ലൈസൻസ് അനുവദിച്ചത് എന്നുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

# 1-17 പരസ്യബോർഡ് സ്ഥാപിക്കുന്നതിന് ലൈസൻസ് - നിയന്ത്രണാധികാരം കാര്യക്ഷമമായി വിനിയോഗിക്കേണ്ടതാണ്.

ബഹു.ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിരുന്ന പരസ്യബോർഡുകൾ നീക്കം ചെയ്യുകയും ഭാവിയിൽ പഞ്ചായത്ത് പരിധിയിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ 30/10/2018 ലെ 40(1)-ാം നമ്പർ തീരുമാനപ്രകാരം പൊതുനിരത്തുകളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ബാനറുകൾ/ഹോർഡിംഗുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച 15.10.18 ലെ പി.എ.എൻ/23995/2018 സി7(ഡി.പി) നമ്പർ സർക്കുലറിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം പൊതുതാല്പര്യങ്ങൾക്കുള്ള പരസ്യങ്ങൾ അനുമതിയോടെ സൗജന്യമായി സ്ഥാപിക്കുന്നതിനും, വ്യാപാര കച്ചവട ആവശ്യങ്ങൾക്കുള്ള പരസ്യങ്ങൾ പ്രതിമാസം തുണി കൊണ്ടുള്ളവയ്ക്ക് ഒരു സ്വകയർ മീറ്ററിന് ഒരു രൂപ നിരക്കിലും മറ്റുള്ളവ ഒരു രൂപ നിരക്കിലും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നും ഉണ്ടായിട്ടില്ല. ഈ നിയന്ത്രണാധികാരം പൂർണ്ണമായും പ്രയോഗതലത്തിൽ വന്നോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(അന്വേഷണ നം. 14/28.11.19) മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ നിയന്ത്രണാധികാര വിനിയോഗം ഫലപ്രദമായിരുന്നില്ല എന്ന് അനുമാനിക്കാവുന്നതാണ്. ആയതിനാൽ പഞ്ചായത്ത് തീരുമാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടു കൊണ്ട് നിയന്ത്രണാധികാരം ഫലപ്രദമാക്കി പഞ്ചായത്തിന് ന്യായമായി ലഭിക്കേണ്ട വരുമാനം ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-18 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കുന്നില്ല

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, അപ്രകാരമുള്ള ലൈസൻസിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ പാടുള്ളതല്ല. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണവും ക്ഷീരവികസനവും എന്ന വിഷയമേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ഒരു ഗോട്ട് ഫാം, ഒരു ഇറച്ചിക്കോഴി ഫാം, ഒരു മുട്ടക്കോഴി ഫാം, രണ്ട് ഡയറി ഫാം എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്ക് മേൽ ചട്ടങ്ങൾ ചട്ടം 6 പ്രകാരം അനുമതി നൽകുകയോ ചട്ടം 7 പ്രകാരം ലൈസൻസ് അനുവദിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ആവശ്യമുള്ള ഫാമുകൾ കണ്ടെത്തേണ്ടതും അവയ്ക്ക് മേൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-19 പൊതു ശ്മശാന നടത്തിപ്പ്- അപാകതകൾ

1998 ലെ കേരള പഞ്ചായത്ത് രാജ്(ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ ചട്ടം(3)

പ്രകാരം ഒന്നാം ഉപചട്ട പ്രകാരമുള്ള വാടകയും ഫീസും പിരിക്കുന്നത് ഒരു വർഷത്തേക്ക് മൂന്നു വർഷത്തിൽ കവിയാത്ത ഏത് കാലത്തേക്കും പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലും ഏതെങ്കിലും സ്വകാര്യ വ്യക്തിക്കോ, സ്ഥാപനത്തിനോ കുത്തകയ്ക്ക് നൽകാവുന്നതാണ്. ഇപ്രകാരം ശ്മശാന നടത്തിപ്പ് 01/04/15 മുതൽ മൂന്ന് വർഷത്തേക്ക് ശ്രീ.കെ.ജി.പ്രസാദ്, കുന്നത്ത് വീട്, ചുഡുവാലത്തൂർ, ഷൊർണ്ണൂർ എന്നയാളെ ഏൽപ്പിച്ചിരുന്നു. കരാർ കാലാവധി 31/03/18 ന് പൂർത്തിയായ സമയത്ത് ശ്മശാന ശ്രീ.സജിത് കുമാർ, ഐശ്വര്യ,കണ്ണിയംപുറം എന്നയാൾ കൂടുതൽ തുകയ്ക്ക് ശ്മശാനം ഏറ്റെടുത്ത് നടത്താം എന്ന ഓഫർ പരിഗണിച്ചില്ല എന്ന പരാതി നിലനിൽക്കുന്ന അവസരത്തിൽ ശ്മശാന നടത്തിപ്പ് ഒരു വർഷത്തേക്ക് കൂടി നിലവിലുള്ള കരാറുകാരന് പഞ്ചായത്ത് ഭരണസമിതിയുടെ 06.02.18 ലെ 13-ാം നമ്പർ തീരുമാന പ്രകാരം പുതുക്കി നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തെ കരാർ കാലാവധി അവസാനിച്ചപ്പോൾ പൊതുശ്മശാന നടത്തിപ്പ് പൊതുലേലം നടത്താതിരുന്നത് എന്തുകൊണ്ടാണെന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം1/22-11-19) മറുപടിയായി ശ്രീ.പ്രസാദ് എന്നവരും ശ്രീ.സജിത്ത് എന്നവരും തമ്മിൽ ഹൈക്കോടതിയിൽ നടക്കുന്ന കേസ്, കിഫ്ബിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിലുള്ള വാതക ശ്മശാനത്തിന് അനുമതി ലഭിച്ചത്, ശ്മശാന നടത്തിപ്പ് വരുമാന മാർഗ്ഗമെന്നതിലുപരിയായി സേവനമാണ് എന്ന പഞ്ചായത്ത് കമ്മറ്റിയുടെ നിലപാട് എന്നിവ മൂലമാണ് കരാർ പുതുക്കി നൽകാൻ തീരുമാനിച്ചതെന്നും അറിയിച്ചു. കൂടുതൽ തുകയ്ക്ക് ശ്മശാന നടത്തിപ്പ് ഏറ്റെടുത്തു നടത്താൻ തയ്യാറായിട്ടും പഞ്ചായത്ത് അനുവദിച്ചില്ല എന്ന ശ്രീ.സജിത്തിന്റെ പരാതിയിൽ 02/05/2018 ന് ഗവൺമെന്റ് പഞ്ചായത്തിനെയും പരാതിക്കാരനെയും നേരിൽ കേൾക്കുകയും കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന ആളിന് ശ്മശാന നടത്തിപ്പ് കൈമാറുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ബഹു.കേരള ഹൈക്കോടതി 01/08/18 ലെ ഉത്തരവ് പ്രകാരം നടപടികൾ രണ്ടാഴ്ചത്തേക്ക് സ്റ്റേ ചെയ്യുകയും 13/08/2018 ലെ ഉത്തരവ് പ്രകാരം കേസിൽ അന്തിമ തീർപ്പാവുന്നത് വരെ സ്റ്റേ നീട്ടുകയും കൂടാതെ ശ്രീ.കെ.ജി.പ്രസാദ് ഗവൺമെന്റ് തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ശ്മശാന നടത്തിപ്പ് അവതാളത്തിൽ ആകുമെന്ന് ഉറപ്പായ സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ഉണ്ടാവാൻ ഇടയുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടി കേസുകളിൽ അന്തിമവിധി ആകുന്ന വരെയോ 2019-20 സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെയോ 12/06/19 ലെ 20(1) തീരുമാന പ്രകാരം ശ്മശാന നടത്തിപ്പ് ശ്രീ.കെ.ജി.പ്രസാദിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതായും മറുപടിയിൽ അറിയിച്ചു.

എന്നാൽ മേൽ മറുപടിയിൽ ശ്രീ.കെ.ജി.പ്രസാദ് എന്നവരുമായുള്ള കരാർ കാലാവധി പൂർത്തിയായ തീയതിയിൽ (31/03/2018) ന് പൊതുലേലം നടത്തുന്നതിൽ നിന്ന് ഗ്രാമപഞ്ചായത്തിനെ തടയുന്ന രീതിയിലുള്ള കോടതി ഉത്തരവുകളോ സർക്കാർ നിർദ്ദേശങ്ങളോ ഉള്ളതായി കാണുന്നില്ല. മാത്രമല്ല ശ്മശാനം കൂടുതൽ തുകയ്ക്ക് ഏറ്റെടുത്ത് നടത്താമെന്ന ശ്രീ.സജിത്ത്കുമാർ എന്നയാളുടെ 17-09-17 ൽ നൽകിയ ഓഫർ പരിഗണിച്ചില്ല എന്ന പരാതി സംബന്ധിച്ച് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പെർഫോർമൻസ് ഓഡിറ്റ് സീനിയർ സൂപ്രണ്ടിന് നൽകിയ കത്ത് പ്രകാരം (26.09.2017 ലെ എ3-6364/17 നമ്പർ കത്ത് ) "01/04/2018 ൽ തുടങ്ങുന്ന കാലയളവിലേക്കുള്ള പുതിയ കരാർ അഥവാ ലേലം നോട്ടിഫിക്കേഷൻ സമയത്ത് ടിയാൻ പുതുക്കിയ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് പരിഗണിക്കുന്നതാണ്""എന്ന് അറിയിച്ചിട്ടുള്ളതുമാണ്. ശ്മശാന നടത്തിപ്പ് ലാഭകരമായി നടത്തുക എന്നതിലുപരി മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് എളുപ്പത്തിൽ മെച്ചപ്പെട്ട സാമ്പത്തിക ബാധ്യത കുറഞ്ഞ സേവനം ലഭ്യമാക്കുക എന്ന പഞ്ചായത്തിന്റെ ലക്ഷ്യം സാധ്യമാക്കിക്കൊണ്ടും അതോടൊപ്പം തന്നെ എല്ലാവർക്കും തുല്യ അവസരം ഉറപ്പ് വരുത്തിക്കൊണ്ടും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായി മൂന്ന് വർഷത്തെ കരാർ കാലാവധി അവസാനിച്ചപ്പോൾ പൊതുശ്മശാന നടത്തിപ്പ് പൊതുലേലം നടത്താതെ നിലവിലുള്ള കരാറുകാരന് കരാർ പുതുക്കി നൽകുയും അതിനെത്തുടർന്ന് സർക്കാറിന്റെയും ബഹു.ഹൈക്കോടതിയുടെയും ഇടപെടലുകളുമുണ്ടാവുകയും ചെയ്തു.

<u>ഓഡിറ്റ് ശിപാർശകൾ</u>

1. 1998 ലെ കേരള പഞ്ചായത്ത് രാജ്(ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ ചട്ടം (12) പ്രകാരം ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങാവുന്നതാണ്. ശ്മശാന നടത്തിപ്പ് മേൽ ചട്ടങ്ങൾ, അംഗീകരിക്കപ്പെട്ട ബൈലോ എന്നിവയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ശ്മശാന നടത്തിപ്പിനായി രസീത് ബുക്കുകൾ പഞ്ചായത്തിൽ നിന്ന് സീൽ ചെയ്ത് നൽകേണ്ടതും രസീതുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 മാനുവൽ രസീത് പിരിവ് - കുറവായി അടവാക്കിയ തുക തിരിച്ചടച്ചു.

ഗ്രാമപഞ്ചായത്തിൽ മാനുവൽ രസീത് ഉപയോഗിച്ച് നടത്തിയ പിരിവ് പഞ്ചായത്തിൽ അടവാക്കിയതിൽ 700 /- രൂപ കുറവ് വന്നിട്ടുണ്ട്. ആയത് ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് രസീത് നം 119150104739/30.11.19 പ്രകാരം പഞ്ചായത്തിൽ അടവാക്കി. കുറവായി അടവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രസീത് നമ്പർ | തീയതി | പിരിച്ചെടുത്ത തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|
| 6710/24 | 15/12/18 | 906 | 506 | 400 |
| 6713/78 | 19/12/18 | 464 | 264 | 200 |
| 6707/33 | 13/12/18 | 238 | 138 | 100 |
| ആകെ | | | | 700 |

## 1-21 ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകളുടെ പരിപാലനം,പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ് എന്നിവയ്ക്ക് ആകെ വസ്തുനികുതി ഡിമാന്റിനേക്കാൾ കൂടിയതുക പ്രതിവർഷം ചെലവഴിക്കുന്നു- സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്

<u>തെരുവു വിളക്കുകളുടെ പരിപാലനം</u>

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 2018-19 വർഷത്തിൽ തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ താഴെ പറയുന്ന കൺസ്യൂമർ നമ്പരുകളിൽ കെ.എസ്..ഇ.ബിയിലേക്ക് പട്ടികപ്പെടുത്തിയ പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| കൺ.നം.1156922000107 (തെരുവുവിളക്കുകൾ) | | |
|---|---|---|
| വൗച്ചർ നം./തീയതി | മാസം | തുക (₹) |
| 21800012/04.04.18 | 04/2018 | 1,54,613 |
| 21800094/07.05.18 | 05/2018 | 1,54,613 |
| 21800187/13.06.18 | 06/2018 | 1,54,613 |
| | | |

| | | |
|---|---|---|
| 21800330/26.07.18 | 07/2018 | 1,54,613 |
| 218000457/02.08.18 | 08/2018 | 1,54,613 |
| 21800598//04.09.18 | 09/2018 | 1,54,613 |
| 21800710/04.10.18 | 10/2018 | 1,59,770 |
| 21800813/03.11.18 | 11/2018 | 1,59,768 |
| 21800963/05.12.18 | 12/2018 | 1,59,768 |
| 21801113/05.01.19 | 01/2019 | 1,59,768 |
| 21801229/04.02.19 | 02/2019 | 1,54,613 |
| 21801343/07.03.19 | 03/2019 | 1,54,613 |
| ആകെ | | 18,75,978 |
| കൺ.നം.1156926017326<br>(ഹൈമാസ്റ്റ് - നിയർ കൊച്ചിൻ പാലസ്) | | |
| 21800146/21.05.18 | 05/2018 | 110 |
| 21800603/04.09.18 | 09/2018 | 115 |
| 21800741/11.10.18 | 10/2018 | 117 |
| 21801054/26.12.18 | 12/2018 | 116 |
| 21801344/07.03.19 | 03/2018 | 117 |
| ആകെ | | 575 |
| കൺ.നം.1156920018862 | | |
| 21800063/20.04.18 | 04/18 | 4,844 |
| 21800283/21.06.18 | 06/18 | 6,067 |
| 21800607/04.09.18 | 9/18 | 8,179 |
| 21800741/11.10.18 | 10/18 | 7,161 |
| 21801055/26.12.18 | 12/18 | 1,146 |
| 21801344/07.03.19 | 03/19 | 119 |
| ആകെ | | 27516 |
| കൺ.നം.1156920018860<br>(ഹൈമാസ്റ്റ് -പോലീസ് സ്റ്റേഷൻ) | | |
| 21800064/20.04.18 | 04/18 | 10,976 |
| 21800283/21.06.18 | 06/18 | 3,751 |
| 21800606/04.09.18 | 9/18 | 6,748 |
| 21800741/11.10.18 | 10/18 | 3,992 |
| 21801051/26.12.18 | 12/18 | 7,651 |
| 21801344/07.03.18 | 03/19 | 5,864 |
| ആകെ | | 38,982 |
| 1156926020655 (ഹൈമാസ്റ്റ് -വെട്ടിക്കാട്ടിരി) | | |
| 21800147/21.05.18 | 04/18 | 2,264 |
| | | |

| | | |
|---|---|---|
| 21800371/13.07.18 | 06/18 | 4,378 |
| 21800652/26.09.18 | 9/18 | 2,278 |
| 21801052/26.12.18 | 12/18 | 1,700 |
| 21801231/04.02.19 | 02/19 | 2,293 |
| 21801344/07.03.19 | 03/19 | 2,080 |
| ആകെ | | 14,993 |
| കൺ.നം.1156926020619 (ഹൈമാസ്റ്റ് - കലാമണ്ഡലം) | | |
| 21800148/21.05.18 | 04/18 | 2,187 |
| 21800370/13.07.18 | 06/18 | 3,931 |
| 21800653/26.09.18 | 9/18 | 2,044 |
| 21801053/26.12.18 | 12/18 | 1,894 |
| 21801230/04.02.19 | 02/19 | 1,951 |
| 21801344/07.03.19 | 03/19 | 1,544 |
| ആകെ | | 13,551 |
| ഒട്ടാകെ | | 19,71,595 |

കൺസ്യൂമർ നമ്പർ1156922000107-തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജിന് കെ.എസ്.ഇ.ബി. ഡിമാന്റ് നോട്ടീസ് നല്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 30.11.19ലെ 22-ാം നമ്പർ എൻക്വയറി പ്രാകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. നിലവിൽ പ്രത്യേക ഡിമാന്റ് ഇല്ലാതെതന്നെ പ്രതിമാസം മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഒരു നിശ്ചിത തുക കൺസ്യൂമർ നം.1156922000107യുടെ വൈദ്യുതചാർജ്ജായി കെ.എസ്.ഇ.ബി.യിലേയ്ക്ക് പ്രതിമാസം അടവാക്കിവരുന്ന സ്ഥിതിയാണ് തുടരുന്നതെന്നാണ് ഗ്രാമപഞ്ചായത്തിന്റെ പക്ഷത്തുനിന്നും വാക്കാൽ അറിയിച്ചത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ പണം അടവാക്കിയിട്ടുള്ളതാണെന്നും, ആയത് സ്ഥാപിക്കുന്ന പ്രവർത്തി നാളിതുവരെ കെ. എസ്.ഇ.ബി പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

2018-19 വർഷത്തിൽ തെരുവുവിളക്കുകളുടെ റിപ്പയറിംഗ്/പുതിയത് സ്ഥാപിക്കുന്നതിനുമായി താഴെ പറയുംവിധം തുകചെലവഴിച്ചിട്ടുള്ളതുമാണ്

| പ്രോജക്ട് നമ്പരും പേരും | വൗച്ചർ നമ്പർ | തുക |
|---|---|---|
| 136/2019 പുതിയ തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ | 21801533/06.02.19 | 2,22,048 |
| 30/2019 സ്ട്രീറ്റ് ലൈറ്റ് മെയിന്റൻസ് | 21801302/21.02.19 | 90,247 |
| | 21801302/21.02.19 | 90,000 |
| | 21801547/23.03.19 | 74,485 |
| | 21801511/22.03.19 | 88,704 |
| 31/2019 സോളാർ മിനിമാസ്റ്റ് -വാർഡ്-15. | 21801564/23.03.19 | 6,63,255 |
| ആകെ | | 12,28,739 |

മേൽ വിവരിച്ച പ്രകാരം മൊത്തം ₹32,00,334/- തെരുവുവിളക്കുകളുടെ പരിപാലനത്തിനും, വൈദ്യുത ചാർജ്ജിനുമായി 2018-19 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

## പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 2018-19 വർഷത്തിൽ 327 പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജായി ₹17,22,006/- വാട്ടർഅതോറിറ്റിയിലേക്ക്അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | മാസം | തുക (₹) |
|---|---|---|
| 21800079/28.04.19 | 04/2018 | 1,43,938 |
| 21800207/05.06.18 | 05/2018 | 1,43,938 |
| 21800294/30.06.18 | 06/2018 | 1,43,938 |
| 21800416/30.07.18 | 07/2018 | 1,43,938 |
| 21800554/29.08.18 | 08/2018 | 1,43,938 |
| 21800661/29.09.18 | 09/2018 | 1,43,938 |
| 21800772/29.10.18 | 10/2018 | 1,43,063 |
| 21800857/24.11.18 | 11/2018 | 1,43,063 |
| 21801061/31.12.18 | 12/2018 | 1,43,063 |
| 2180 | 01/2019 | 1,43,063 |
| 21801362/07.03.19 | 02/2019 | 1,43,063 |
| 21801487/26.03.19 | 03/2019 | 1,43,063 |
| ആകെ | | 17,22,006 |

28-04-18ലെ (6) -ംനംപർ തീരുമാനപ്രകാരം വാട്ടർഅതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ഭരണസമിതി തീരുമാനിച്ചിരുന്നെങ്കിലും ആയത് നാളിതുവരെ നടപ്പിലായിട്ടില്ലാത്തതാണ്. 30.10.2018ന് ചേർന്ന ഭരണസമിതിയുടെ 45(1) നമ്പർ തീരുമാനപ്രകാരം അഞ്ച് പൊതു ടാപ്പുകൾ നീക്കം ചെയ്യാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ ഒട്ടാകെ 327 പൊതുടാപ്പുകൾ ഉപയോഗത്തിലുണ്ടോ എന്നതു സംബന്ധിച്ചതിന് ആധികാരികമായ ഒരു രേഖയുമില്ലാത്തതാണ്.

കേരള വാട്ടർ അതോറിറ്റി നടത്തുന്ന കുടിവെള്ള വിതരണം കൂടാതെ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 14 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി പ്രതിമാസം കെ.എസ്.ഇ.ബി.യ്ക്ക് വൈദ്യുതചാർജ്ജ് അടവാക്കിവരുന്നുണ്ട്. ഈ പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനായി വർഷങ്ങളായി ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവശ്യപ്പെട്ടിട്ടും ഈ കാര്യത്തിൽ യാതൊരു തീരുമാനവും നാളിതുവരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ലാത്തതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കുടിവെള്ള പദ്ധതിയുടെ പേരുവിവരം | 2018-19ൽ അടവാക്കിയ തുക (കണ്ടിജന്റ് രജി. പ്രകാരം) |
|---|---|---|
| 1 | ലക്ഷംവീട് DWSS | 46,781 |
| 2 | DWS Con. No.9807 | 24,067 |
| 3 | DWS Con. No.9827 കാരാംചിറ | 33,619 |

| | | |
|---|---|---|
| 4 | പുതുശ്ശേരി DWS- Con. No.11785 | 31,292 |
| 5 | DWS Con. No.14033 | 15,621 |
| 6 | DWS Ward 15 | 20,218 |
| 7 | തങ്ങൾപടി DWS- Con. No.14299 | 16,581 |
| 8 | DWS Ward-11Con. No.8010 | 12,137 |
| 9 | Ward-1,പുതുപാടം | 24,778 |
| 10 | DWS Con. No.15904 | 8,999 |
| 11 | വലിയമിച്ചഭൂമി Ward-5 Con. No.11625 | 747 |
| 12 | DWS Ward-5 | 3309 |
| 13 | DWS കമ്പനിപ്പടി Con. No.12984 | 251 |
| 14 | DWS എൽ.പി.സ്കൂൾ പരിസരം | 971 |
| | ആകെ | 2,39,371 |

കുടിവെള്ള വിതരണത്തിനായി 2018-19 വർഷം മേൽ പട്ടികപെടുത്തിയ പ്രകാരം ആകെ ₹19,61,377/- ചെലവഴിച്ചിട്ടുള്ളതാണ്.

ഇപ്രകാരം തെരുവ് വിളക്ക് പരിപാലനത്തിനും, വൈദ്യുതി ചാർജ്ജിനും, കുടിവെള്ള വിതരണത്തിനും, കുടിവെള്ള പദ്ധതികളുടെവൈദ്യുതി ചാർജ്ജിനുമായി മാത്രം ഗ്രാമപഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തിൽ മൊത്തം അമ്പത് ലക്ഷത്തിൽകൂടുതൽ തുക(₹51,61,721/-) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.ആയത് 2018-19 വർഷത്തെ വസ്തുനികുതി ഡിമാന്റ് തുകയായ 42,38,968/-യുടെ 22%ത്തോളം അധികരിക്കുന്ന തുകയാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

i) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്,കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്,കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശങ്ങളിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

ii) സേവന ഉപനികുതി പിരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതോടൊപ്പം കൺസ്യൂമർ നമ്പർ 1156922000107നെ മീറ്ററിംഗ് നടത്തി വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള ബാധ്യത കുറയ്ക്കാൻ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതുണ്ട്. 28-04-18ലെ (6) -ാംനമ്പർ തീരുമാനപ്രകാരം വാട്ടർഅതോറിറ്റിയുമായി ചേർന്ന് 16 വാർഡിലും പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ഭരണസമിതി തീരുമാനിച്ചിരുന്നു എങ്കിലും തീരുമാനം നാളിതുവരെ നടപ്പിലായിട്ടില്ല.തീരുമാനം നടപ്പാക്കി പൊതുടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ്.

# 1-22 കരാർ അടിസ്ഥാനത്തിൽ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിന് ശമ്പളത്തോടു കൂടി പ്രസവാവധി

# അനുവദിച്ചത് ക്രമപ്രകാരമല്ല

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി 07.01.2018 മുതൽ 6 മാസം ഓണറേറിയത്തോടു കൂടി പ്രസവാവധി അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ഓണറേറിയമായി അനുവദിച്ച 1,26,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

# 1-23 ലൈഫ് ഭവന പദ്ധതി- ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല

നിർവ്വഹണം-വി.ഇ.ഒ., നെടുമ്പുര

ലൈഫ് മിഷന്റെ 17.3.18ലെ life/lf2/511/17 കത്തു പ്രകാരം ലൈഫ് മിഷൻ ഭവനനിർമ്മാണത്തിനായി ആദ്യ ഗഡു 40,000/- രൂപ കൈപ്പറ്റിയതിനുശേഷം തുടർ പ്രവർത്തനങ്ങൾ നടത്താത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| | ഗുണഭോക്താവ് | തുക | കൈപ്പററിയ തിയതി |
|---|---|---|---|
| പ്രൊജക്റ്റ് നം-27/19- | പാഞ്ചാലി,തെക്കുംതൊടിയിൽ | 40000 | 14.8.18 |
| | സുബൈദ ബഷീർ,കുണ്ടുകാട്ടിൽ | 40000 | 14.8.18 |
| | ജമീല ,പുളിക്കൽ വീട് | 40000 | 17.7.18 |
| | സൈനബ പുത്തൻപീടികയിൽ | 40000 | 04.7.18 |
| | ഹസീന തെക്കേക്കരമേൽ വീട് | 40000 | 29.3.19 |
| | സെലീന,പള്ളത്ത് വീട് | 40000 | 29.3.19 |
| | ഷീല,കിഴക്കേത്തോപ്പിൽ | 40000 | 29.3.19 |
| | ലിസ്സി,കോലാടി വീട് | 40000 | 29.3.19 |
| | ഖദീജ,കണ്ടനാംകായിൽ | 40000 | 29.3.19 |
| | ഫൗസിയ,കളത്തിൽ വീട് | 40000 | 29.3.19 |
| | പ്രിയദർശിനി,കുഴിക്കണ്ടത്തിൽ വീട് | 40000 | 29.3.19 |

2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7ൽ പ്രതിപാദിച്ചിരുന്നവരിൽ പ്രീത രാജേഷ്, വലക്കലായിൽ,ഭാരതി രാധാകൃഷ്ണൻ, തെക്കേ വട്ടേക്കാട്,അമ്മിണി,ആനപ്പാറ വീട് എന്നിവർ 23-03-2018 ന് ആദ്യഗഡു കൈപ്പറ്റിയിട്ടും തുടർ പ്രവർത്തനങ്ങൾ നടന്നതായോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/27.11.19) മറുപടിയായി മേൽ പറഞ്ഞവരുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലാണെന്നും തുടർന്നുള്ള ഗഡുക്കൾ ലഭിക്കുന്ന മുറയ്ക്ക് കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ പദ്ധതി പ്രകാരം ( പ്രൊജക്റ്റ് നം.11/2019) ഒരു ലക്ഷം രൂപയും (ചെക്ക് നം.2190552/10.01.2019-തനത് ഫണ്ട്), പെയിൻ ആൻഡ് പാലിയേറ്റീവിന് മരുന്ന് വാങ്ങുന്നതിന് 140000/- (പ്രൊജക്റ്റ് നം.12/2019, ചെക്ക് നം.0121444 /17.12.18-

1,00,000/-, ചെക്ക്നം.0121446/10.01.19, 40,000) കൂടി മൊത്തം 240000/- രൂപയ്ക്ക് നീതി മെഡിക്കൽ സ്റ്റോർ, ഫാർമസ്യൂട്ടിക്കൽ ഹോൾസെയിലേഴ്സ് , കുണ്ടുകാട്,തൃശ്ശൂരിൽ നിന്നും മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14/02/2018 ഖണ്ഡിക 7.5.3 പ്രകാരം അലോപ്പതി മരുന്നുകൾ KMSCL നിന്നു മാത്രമേ വാങ്ങാവൂ എന്നും ഖണ്ഡിക 7.5.4 പ്രകാരം മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ടു മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന് കാരുണ്യ /നീതി/ ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്നു വാങ്ങാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/28.11.19) ലഭ്യമാക്കിയ മറുപടി പ്രകാരം 2017-18 ൽ പർച്ചേസ് ഓർഡർ നൽകിയ മരുന്നുകൾ ഒന്നര വർഷത്തിന് ശേഷമാണ് ലഭ്യമായതെന്നും മരുന്നുകൾ തീരെ ഇല്ലാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും അത്യാവശ്യ മരുന്നുകൾ വാങ്ങിയതെന്നും അറിയിച്ചു.

അതാത് കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.5/2019 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പ്രോജക്ട് പ്രകാരം ₹2,50,000/- ഹോംകോയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കൈമാറിയിട്ടുള്ളതാണ്(വൗച്ചർ നം.21800886/12.09.18) എന്നാൽ ഇൻവോയ്സ് നം.LF-766/06.08.2019 പ്രകാരം ₹94,400/- മരുന്ന് മാത്രമാണ് ഹോംകോ നാളിതുവരെ വിതരണം ചെയ്തിരിക്കുന്നത്. ബാക്കി മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ ഉണ്ടാകേണ്ടതാണ്.

# 1-26 മഴക്കാല പൂർവ്വ ശുചീകരണം- മുഴുവൻ വൗച്ചറുകളും ഹാജരാക്കിയില്ല

വൗച്ചർ നം.21800384/18.07.18 പ്രകാരം ഓരോ വാർഡിനും 10000/- രൂപ വീതം 16 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 1,60,000/- രൂപ മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 1,2,5,6,7,8,9,10,11,12,15 എന്നീ വാർഡുകളിലെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയുള്ളൂ. മറ്റ് വാർഡുകളിലെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 13/28.11.19 നൽകിയെങ്കിലും 3,4,13,14,16 എന്നീ വാർഡുകളിലെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ടി വാർഡുകളിലെ ചെലവ് തുകയായ 50000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ:66/2019 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ടു പ്രകാരം എസ്.എൽ.ബി.പി. ഡയറക്ടർക്ക് കൈമാറിയ ₹3,00,000/-യുടെ (വൗച്ചർ നം.21801194/10-01-2019 തുക:₹3,00,000/-) പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. താഴപ്ര പാലുല്പാദക സഹകരണ സംഘം ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 09/2019 മുതൽ 48 കന്നുകുട്ടികൾക്ക് തീറ്റ വിതരണം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/27.11.19) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും കന്നുകുട്ടി തീറ്റയുടെ ഉത്പാദനം ഇല്ലാതിരുന്നതിനാലാണ് 09/2019

മുതൽ തീറ്റ വിതരണം തടസ്സപ്പെട്ടതെന്നും തീറ്റ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം കൂട്ടി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# 1-28 ബാലോത്സവം-പഠന യാത്ര പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് -ബാലോത്സവം-പഠനയാത്ര (116/19)

നിർവഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബാലസഭ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ വാർഡൊന്നിന് 1000/- രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40000/- രൂപയും ചെലവഴിക്കാമെന്നാണ് സ.ഉ.(കൈ)നം.22/2018/ തസ്വഭവ, തീയതി 14-02-18 മാർഗ്ഗരേഖ പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്.

എന്നാൽ ഫയൽ പരിശോധിച്ചതു പ്രകാരം കെ.എം.കെ ഇവന്റ് മാനേജ് മെന്റിന് 23502/- രൂപയും (ട്രോഫി-9502, ഭക്ഷണം-14000), പടപ്പ് ഇവന്റ് മാനേജ് മെന്റിന് 85000/- രൂപയും (ഭക്ഷണം-60000, സ്റ്റേജ് ഡെക്കറേഷൻ-25000) നൽകിയിട്ടുണ്ട്. കുട്ടികൾക്കായി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. അതോടൊപ്പം വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഇല്ല.

മേല്പറഞ്ഞ രീതിയിൽ 1,08,502/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 16 വാർഡുകൾക്കായി 56000 രൂപയാണ് ചെലവഴിക്കാൻ അംഗീകാരമുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. (വിശദവിവരം ഖണ്ഡിക 3-2 ൽ ചേർത്തിരിക്കുന്നു.)

# 1-29 പൊതുമരാമത്ത് പ്രവൃത്തികൾ പൊതു അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട താഴെ കാണിച്ച അപാകതകൾ പരിഹരിക്കാൻ തുടർ നടപടിയുണ്ടാവേണ്ടതാണ്.

1. ഇ- ടെൻഡർ ഫോറം വില ഈടാക്കാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എക്കൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിച്ചതനുസരിച്ച് ഇതിലൂടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കാത്തത്

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴസ് വെൽഫയർ സെസ് ആക്ട് 1996 സെക്ഷൻ 3(3) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാൻ നിർദ്ദേശമുള്ളതാണ്. പഞ്ചായത്തിന് ലഭിക്കേണ്ട കളക്ഷൻ ചാർജ് ശേഖരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കണം

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലും നിർദ്ദേശിച്ചെങ്കിലും പ്രാരംഭ പ്രവർത്തനം പോലും നടന്നിട്ടില്ല. പുതിയതായി സൃഷ്ടിക്കുന്ന മുഴുവൻ ആസ്തികളുടേയും വിവരം രജിസ്റ്ററിൽ അപ്ഡേറ്റിംഗ് നടത്തി ചീഫ് എഞ്ചിനീയറുടെ മേൽ നിർദ്ദേശം പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4.സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും നിർദ്ദേശം നൽകിയ വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-30 രജിസ്റ്ററുകളുടെ-രേഖകളുടെ പരിപാലനം

പൊതുമരാമത്ത് പ്രവർത്തികളുടെ പരിശോധനയ്ക്കായി താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നതാണ്.

1.എഗ്രിമെന്റ് രജിസ്റ്റർ

2.എം. ബുക്കുകളുടെ രജിസ്റ്റർ

3.പ്രോജക്ട് രജിസ്റ്റർ

4.ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ

5.ടെണ്ടർ രജിസ്റ്റർ, ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയത്

6.റോഡ് രജിസ്റ്റർ

7.ഇ.എം.ഡി. രജിസ്റ്റർ

8.പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ

9.അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ

10.ആസ്തി രജിസ്റ്റർ

11.അടങ്കൽ അനുമതി രജിസ്റ്റർ

12.നിർമ്മാണസ്ഥലത്തെ സാധനങ്ങളുടെ രജിസ്റ്റർ

13.റോഡ് കൺക്റ്റിവിറ്റി മാപ്പും, പ്ലാനും

14.വകുപ്പുതല സാധനങ്ങളുടെ സ്റ്റോക്കിന്റെയും വിതരണത്തിന്റെയും രജിസ്റ്റർ

എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ ഒഴികെ മറ്റൊന്നും പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത രജിസ്റ്ററുകളല്ലാതെ നിയമം അനുശാസിക്കുന്ന മേൽ പരാമർശിച്ച രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചു വരുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നിയമം അനുശാസിക്കുന്ന രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-31 കൺവീനർക്ക് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുന്നുണ്ട് . മൂല്യ വർദ്ധിത നികുതി, ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ അടവാക്കുന്നതിന് വേണ്ടിയാണ് ഓവർ ഹെഡ് ചാർജ് വകയിരുത്തിയിട്ടുള്ളത്. ബിൽ അനുവദിക്കുമ്പോൾ നികുതികൾ കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് നൽകേണ്ടത്. എന്നാൽ GLPS കെട്ടിടം പൂർത്തീകരണവും ചുറ്റുമതിലും (90/19) എന്ന മരാമത്ത് പ്രവൃത്തിയിൽ മൂല്യ വർദ്ധിത നികുതി കുറക്കാതെ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. അതുകൊണ്ട് ടി പ്രവൃത്തിയിൽ കൺവീനർക്ക് അധിക തുക നൽകാനിടയായി. (1.7.2017 ന് ശേഷം നടപ്പാക്കുന്ന എല്ലാ മരാമത്ത് പ്രവൃത്തികൾക്കും GST ബാധകമായതിനാൽ മൂല്യ വർദ്ധിത നികുതിക്ക് പ്രൊവിഷൻ വച്ച തുക കുറച്ച് കൺവീനർക്ക് നൽകിയാൽ മതി) വിശദവിവരം ഖണ്ഡിക 3-3ൽ ചേർത്തിരിക്കുന്നു.

# 1-32 ആസ്തികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല

വിവിധ കാലയളവുകളിൽ ലക്ഷങ്ങൾ ചെലവഴിച്ച് ആർജിച്ച താഴെ പറയുന്ന ആസ്തികൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല.

1.ഖരമാലിന്യ സംസ്കരണ പ്ലാന്റ് (ബയോഗ്യാസ് പ്ലാന്റ്) പ്രവർത്തിക്കുന്നില്ല.

ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് തിരുവനന്തപുരം ബയോടെക് എന്ന സ്ഥാപനം ചെറുതുരുത്തി മാർക്കറ്റിൽ സ്ഥാപിച്ചിരിക്കുന്ന ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല. ഇതിനായി വാങ്ങിയ ട്രാക്ടറും ഉപയോഗിക്കുന്നില്ല. പ്ലാന്റ് പ്രവർത്തനരഹിതമായതോടെ മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനവും നിലച്ചിരിക്കുന്നു. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് വേതനം 7500/- രൂപയിൽ നിന്നും 10000/- രൂപയായി കൂട്ടി നൽകുന്നതിന് 21.5.2018 ൽ 9(9) തീരുമാനം എടുത്തിട്ടുണ്ട് എങ്കിലും എൻക്വയറിക്ക് മറുപടിയായി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നു വ്യക്തമാക്കുന്നു.

2. വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് -

ചെറുതുരുത്തി മാർക്കറ്റിലെ വൃത്തിഹീനമായ വെള്ളം ശുദ്ധീകരിക്കുന്നതിനായി 2016ൽ 23.50 ലക്ഷം രൂപ ചെലവിൽ നിർമ്മിതി കേന്ദ്ര നിർമ്മിച്ച വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നാളിതുവരെയായി പ്രവർത്തിച്ചിട്ടില്ല.

3. എസ്.സി.ഫ്ളാറ്റ് -

11 കുടുംബങ്ങൾക്കായി പണി കഴിപ്പിച്ച ഫ്ളാറ്റ് നാളിതുവരെയായിട്ടും മുഴുവനായും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല. 6 കുടുംബങ്ങൾക്ക് നൽയിരിക്കുന്നതായി മറുപടിയിൽ പറയുന്നു. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു.

മുകളിൽ പറഞ്ഞവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# 1-33 വിവിധ കുടിവെള്ള പ്രോജക്ടുകൾ സംബന്ധിച്ച്

A) 2018-19 വർഷം അംഗീകാരം വാങ്ങി നടപ്പാക്കാൻ ഉദ്ദേശിച്ച താഴെപറയുന്ന പ്രോജക്ടുകൾ കരാറിലേർപ്പെട്ടിട്ടും നടപ്പാക്കിയിട്ടില്ല. പ്രോജക്ട് തയ്യാറാക്കി തുക വകയിരുത്തിയതിനു ശേഷം പ്രോജക്ടുകൾ നടപ്പാക്കാതെ ചിലത് ഉപേക്ഷിച്ചതായും കാണുന്നു. ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് | കരാർ നം. | അടങ്കൽ, കരാറുകാരൻ |
|---|---|---|---|
| 1 | ശിവപുരം കുടിവെള്ളപദ്ധതി (155/18-19) | 50/17-18, 17.3.18 1% കുറവ് | 400000 എ.കെ.സെയ്തലവി |
| 2 | മഹിളസമാജം പരിസരം കുടിവെള്ളപദ്ധതി (147/18-19) | 39/16-17, 29.3.17 0.5% കുറവ് | 300000 എ.കെ.സെയ്തലവി |
| 3 | നെടുമ്പുര പാടശേഖരം സൈഡ് കെട്ടൽ (198/18-19) | 42/18-19, 6.9.18 എസ്റ്റിമേറ്റ് നിരക്ക് | 200000 ഷാജഹാൻ |
| 4 | തുപ്പംകുളം നവീകരണം (109/18-19) | 39/18-19, 6.9.18 എസ്റ്റിമേറ്റ് നിരക്ക് | 200000 എം.എം.അബ്ബാസ് |

B) ഒരേ പദ്ധതിക്ക് ഒരേ വർഷം 3 പ്രോജക്ടുകൾ ഉണ്ടാക്കി അനുമതി വാങ്ങിയതായി കാണുന്നു. ഉദാ. ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് തുക |
|---|---|---|---|
| പന്നിയടി വടക്കുമുറി കുടിവെള്ളപദ്ധതി പൂർത്തീകരണം | 128/18-19 | 300000 | - |
| പന്നിയടി വടക്കുമുറി പരിസരം കുടിവെള്ളപദ്ധതി | 146/18-19 | 300000 | 35736 |
| പന്നിയടി വടക്കുമുറി കുടിവെള്ളപദ്ധതി | 154/18-19 | 495000 | 246848 |

ഒറ്റ പ്രോജക്ട് ആയി അനുമതി വാങ്ങി നടപ്പാക്കുന്നതിന് പകരം ഇപ്രകാരം വിഭജിച്ച് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

C) ഏതാനും കുടിവെള്ളപദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കുടിവെള്ളപദ്ധതി പൂർണ്ണമായും ഉപയോഗയോഗ്യമാക്കി പദ്ധതി ലക്ഷ്യത്തിലെത്തിയിട്ടില്ല എന്നു കാണുന്നു. ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് , പ്രോജക്ട് നം. | അടങ്കൽ | ചെലവ് | |
|---|---|---|---|---|
| 1 | ബംഗ്ളാവ് പറമ്പ് കോളനിപരിസരം കുടിവെള്ളപദ്ധതി (145/18-19) | 300000 | 261534 | കുഴൽകിണർ, മോട്ടോർ, പമ്പ് ഹൗസ്,പൈപ്പ് ലൈൻ എന്നിവയാണ് വിഭാവനം ചെയ്തത്. ഫൈനൽ ബിൽ പ്രകാരം മോട്ടോർഷെഡ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ചെയ്തിട്ടില്ല. |
| 2 | പോത്തട്ട കുടിവെള്ളപദ്ധതി (148/18-19 ) | 600000 | 540000 | കുഴൽകിണർ, മോട്ടോർ, പമ്പ് ഹൗസ്,പൈപ്പ് ലൈൻ,വീടുകളിൽ വെള്ളം എത്തിക്കുക എന്നിവയാണ് വിഭാവനം ചെയ്തത്. ഫൈനൽ ബിൽ പ്രകാരം ഇലക്ട്രിഫിക്കേഷൻ, യീൽഡ് ടെസ്റ്റ് എന്നിവ ഒഴിവാക്കി. |

പദ്ധതി ഫലപ്രാപ്തിയിലെത്തുന്നവിധം പ്രോജക്ടുകൾ അതാത് വർഷം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-34 അംഗൻവാടി ജീവനക്കാരുടെ അധിക പ്രതിഫലം - തുക അടവാക്കിയതിന്റെ ട്രഷറി ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ജി.ഒ. പ്രോജക്ടായി നടപ്പിലാക്കിയ അംഗൻവാടി ജീവനക്കാരുടെ അധിക പ്രതിഫലം - തുക അടവാക്കിയതിന്റെ (ഡയറക്ട് ട്രാൻസ്ഫർ ക്രെഡിറ്റ്) ട്രഷറി ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് പരിശോധനയക്കായി ഹാജരാക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം | വൗച്ചർ നം. | തുക (₹) |
|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 209/2019 | 21801431 / 27-02-19 | 3,20,000 |
| | | 21801432/ 27-02-19 | 2,05,600 |
| സെക്രട്ടറി | 221/2019 | BR No. 181305520/27.3.19 | 87,600 |

## 1-35 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റു രശീതി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകൾക്കായി തുക അടവാക്കിയിന്റെ വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റു രശീതി എന്നിവ ഹാജരാക്കിയില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തുക (₹) |
|---|---|---|---|
| 184/2019 ശുചിത്വം – പൊതുസ്ഥലങ്ങളിൽ മാലിന്യ നിർമ്മാർജ്ജനം നിയന്ത്രണം – ക്യാമറ സ്ഥാപിക്കൽ | എക്സി. എഞ്ചിനീയർ പി.ഡബ്ല്യ.ഡി. ഇലക്ട്രോണിക്സ് ഡിവിഷൻ, തൃശ്ശൂർ | 21801407 / 14.03.19 | 75,000 |
| | | 21801471 / 14.03.19 | 75,000 |
| | | 21801523/06.02.19 | 1,50,000 |
| 211/2019 പഞ്ചായത്ത് റീവയറിംഗ് | എക്സി. എഞ്ചിനീയർ പി.ഡബ്ല്യ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ | 21801525 / 21.02.19 | 3,50,000 |
| | | 21801528 / 21.02.19 | 2,60,000 |
| | | 218013 / 21.02.19 | 61,000 |
| ആകെ | | | 9,71,000 |

വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 9,71,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-36 ആശ്രയ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല - ലക്ഷങ്ങൾ സി.ഡി.എസ്. അക്കൗണ്ടിൽ വിനിയോഗിക്കാതെ കിടക്കുന്നു.

2018-19 വർഷത്തിൽ ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി, സെക്രട്ടറി നിർവ്വഹോണോദ്യോഗസ്ഥനായ 122/2019 പ്രോജക്ടിൽ നിന്നും താഴെ പറയും പ്രകാരം തുക സി.ഡി.എസ്-നു കൈമാറിയിട്ടുള്ളതാണ്

| വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|
| 21801514 / 28.02.19 | 4,75,000 | പ്ലാൻ ഫണ്ട് |
| 21801406 / 14.03.19 | 1,00,000 | ബ്ലോക്ക് പഞ്ചാ. |

| | | വിഹിതം |
|---|---|---|

പ്രസ്തുത തുക ആശ്രയ പദ്ധതിയ്ക്കായുള്ള കുടുംബശ്രീ സി.എഡ്.എസി.ന്റെ ധനലക്ഷ്മി ബാങ്ക്, ചെറുതുരുത്തി ശാഖയിലെ 002100100038754 നമ്പർ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ ₹24,38,055.55/- ബാലൻസുള്ളതാണ്. ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | പഞ്ചായത്ത് പ്ലാൻ ഫണ്ട് | പഞ്ചായത്ത് തനത് ഫണ്ട് | ചലഞ്ച് ഫണ്ട് | ആകെ |
|---|---|---|---|---|
| വരവ് | 2874828 | 195172 | 1665571 | 47,35,571 |
| ചെലവ് | 1539828 | 121012 | 1351806 | 30,12,646 |
| നീക്കിയിരിപ്പ് | 1335000 | 74160 | 313765 | 17,22,925 |

ബാങ്ക് അക്കൗണ്ട് ബാലൻസ് :24,38,055.55/-

{(17,22,925+*7,16,632.06)-**1501.51}=24,38,055.55}

*ബാങ്ക് പലിശ, ** ബാങ്ക് ചാർജ്ജ്

ഗ്രാമപഞ്ചായത്തലെ ആശ്രയ ഗുണഭോക്താക്കളുടെ വിവരങ്ങൾ (ഓഡിറ്റ് എൻക്വയറി:17 തി:29-11-19 നുള്ള മറുപടിയായി ലഭ്യമാക്കിയ വിവര പ്രകാരം)

| ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|
| ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 275 | 98 |
| ആകെ ഗുണഭോക്താക്കൾ | 103 | 39 |
| വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | ഇല്ല | 8 |
| നാളിതുവരെ വീടുവെയ്ക്കാൻ സ്ഥലം ലഭിച്ചവർ | ഇല്ല | ഇല്ല |
| വീട് ആവശ്യമുള്ളവർ | 11 | 15 |
| നാളിതുവരെ വീട് ലഭിച്ചവർ | 8 | ഇല്ല |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 34 | 17 |
| നാളിതുവരെ വീട് റിപ്പയർ ലഭിച്ചവർ | 19 | ഇല്ല |
| കക്കൂസ് ആവശ്യമുള്ളവർ | 13 | 8 |
| നാളിതുവരെ കക്കൂസ് ലഭിച്ചവർ | 3 | ഇല്ല |
| ഗ്രാമ പഞ്ചായത്ത് | ഭക്ഷണം: | ഭക്ഷണം:39 |

| | | |
|---|---|---|
| പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 103<br>മരുന്ന്:85 | മരുന്ന്:39 |
| ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | ഭക്ഷണം: 103 | ഭക്ഷണം:39 |
| | മരുന്ന്: 5 | |

മേൽ വിവരിച്ച പ്രകാരം അടിസ്ഥാന ആവശ്യങ്ങൾക്ക് അവശ്യകാർ ഉണ്ടായിട്ടും 24 ലക്ഷം രൂപയോളം വിനിയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ ഇട്ടിരിക്കുന്നത് ആശാസ്യമല്ല. 30.10.2015ന് ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8(1)നമ്പർ തീരുമാനപ്രകാരം 130 പേരടങ്ങുന്ന ഗുണഭോക്തൃപട്ടിക പദ്ധതിക്കായി അംഗീകരിച്ചിരുന്നതാണ്. സമൂഹത്തിലെ അശരണരും, ആലംബഹീനരുമായ ആശ്രയ ഗുണഭോക്താക്കൾക്കായി അവരുടെ അവശ്യത്തിനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് തുക വിനിയോഗിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-37 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1 | 2018-19 വർഷത്തെ മൊത്തം അടങ്കൽ | 145402000 |
| 2 | 2018-19 വർഷത്തെ മുൻ ബാക്കി | 119840690 |
| 3 | 2018-19 വർഷത്തെ ആകെ വരവ് | 2,55,61,311 |
| 4 | 2018-19 വർഷത്തെ ആകെ ചെലവ് | 2,55,60,909 |
| 5 | 2018-19 വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | 402 |
| 6 | 2018-19 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1109 |
| 7 | 2018-19 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 341 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 2850 |
| 9 | 2018-19 വർഷത്തിൽ സൃഷ്ടിച്ച | 83400 |

| | | |
|---|---|---|
| | തൊഴിൽ ദിനങ്ങൾ | |
| 10 | 2018-19 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1043 |
| 11 | 2018-19 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 478 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിൽ വിതരണം ചെയ്ത വേതനം | 2,25,96,251 |

2018-19 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം 478 മാത്രമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന ഓരോ കുടുംബത്തിനും 100 ദിനമെങ്കിലും തൊഴിൽ നൽകുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാത്തതുമൂലം പഞ്ചായത്തിന് കേന്ദ്ര വിഹിതം നഷ്ടമാവുകയാണുണ്ടായത്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

• •

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 കരാർ അടിസ്ഥാനത്തിൽ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിന് പ്രസവാവധിക്കാലത്ത് നൽകിയ ഓണറേറിയം നിരാകരിക്കുന്നു.

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി 01.08.2012 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി.അജീഷ എ.ആർ., 09.10.17 ന് പ്രസവാവധിക്ക് അപേക്ഷിക്കുകയും ഇത് സംബന്ധിച്ച് 180 ദിവസത്തെ പ്രസവാവധി അനുവദിക്കുവാൻ കഴിയുമോ എന്ന് 19.10.17 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സ്പഷ്ടീകരണത്തിന് അയയ്ക്കുകയും ഇതിന് മറുപടിയായി 22.02.18 ലെ ഇ3-15858/17 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റിന് കെ.എസ്.ആർ ഭാഗം 1 അനുബന്ധം 8 ചട്ടം 1 ൽ പറയുന്ന അവധി ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളതെന്നും പ്രസവാവധിക്ക് അർഹതയില്ലെന്നും ബഹു.തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 05.01.18 ലെ ഐബി1/344/2018/തസ്വഭവ നമ്പർ കത്ത് പ്രകാരം

ഒരു വർഷം കരാർ നിയമനം ലഭിച്ചവർക്ക് പ്രസവാനുകൂല്യങ്ങൾക്ക് അർഹതയില്ലെന്നും അറിയിച്ചു. എന്നാൽ ഇതിന് വിരുദ്ധമായി ടെക്നിക്കൽ അസിസ്റ്റന്റിന് 07.01.18 മുതൽ 6 മാസം ഓണറേറിയത്തോടു കൂടിയ പ്രസവാവധി അനുവദിച്ചു. ഈ കാലയളവിലെ ഓണറേറിയമായ 126000 രൂപയും (21000*6) (വൗച്ചർ നം.21701120/01.02.18-21000 രൂപ(01/2018), വൗച്ചർ നം.21800186/01-06-18 -84000 രൂപ(02/2018 മുതൽ 05/2018 വരെ), വൗച്ചർനം.21800316/02.07.18 -21000രൂപ (06/2018)) അനുവദിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (അന്വേഷണം നം.03/25.11.2019) ശ്രീമതി അജിഷ 01/08/2012 മുതൽ അതാത് വർഷങ്ങളിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കരാർ കാലാവധി പുതുക്കി വരുന്നതും പ്രസവാവധിക്കു ശേഷവും തുടർന്നും ജോലിയിൽ തുടർന്നുവരുന്നതുമാണെന്നും, കേരള സർവീസ് റൂൾ അപ്പൻഡിക്സ് 8 ചട്ടം 2 പ്രകാരം ക്ലിപ്തകാലത്തേക്ക് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ റൂൾ 100,101 പ്രകാരം പ്രസവാവധിക്ക് അർഹതയുണ്ടെന്നും, കൂടാതെ ബഹു.ഹൈക്കോടതിയുടെ 27/02/2018 ലെ WP(C)30561/2017 വിധിന്യായപ്രകാരം എല്ലാ വനിത ജീവനക്കാർക്കും അവരുടെ ജോലിയുടെ വിവേചനമില്ലാതെ തന്നെ 180 ദിവസത്തെ ശമ്പളത്തോടു കൂടിയുള്ള പ്രസവാവധിക്ക് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

എന്നാൽ കെ.എസ്.ആർ അപ്പൻഡിക്സ് 8 ചട്ടം 2 ബാധകമാകുന്നത് കരാർ കാലാവധി ഒരു വർഷത്തിലധികമുള്ള താത്ക്കാലിക ജീവനക്കാർക്കാണ്. കൂടാതെ ബഹു.ഹൈക്കോടതിയുടെ 27.02.18 ലെ WP(C)no.30561/2017 കേസിലെ വിധി ന്യായ പ്രകാരം പ്രസ്തുത കേസിലെ പെറ്റീഷണർമാരായ 5 പേർക്കാണ് 26 ആഴ്ചത്തെ പ്രസവാവധി അനുവദിച്ചിട്ടുള്ളത്. അത് മറ്റുള്ള കരാർ ജീവനക്കാർക്ക് ബാധകമല്ല. മാത്രമല്ല മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ രാമപുരം ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഫയൽ ചെയ്ത കേസ് HRMP NO.5344/11/7/19 KTM ന്റെ 10-10-2019 ലെ ഉത്തരവ് പ്രകാരം ടി വിഷയം സർക്കാർ പരിശോധിച്ച് ഒരു റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ തീരുമാനം ലഭിച്ചിട്ടില്ല. കൂടാതെ വൗച്ചർ നം.21800186/01-06-18 പ്രകാരം 02/2018 മുതൽ 05/2018 വരെയുള്ള പ്രസവാവധി കാലയളവിലെ ഓണറേറിയമായ 84000/- രൂപ ടെക്നിക്കൽ അസിസ്റ്റന്റിന് അനുവദിച്ചത് തിരിച്ചടവാക്കാൻ പെർഫോർമൻസ് ഓഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ട്(ഫയൽ നം. എ2-5416/18). ഈ നിർദ്ദേശം പഞ്ചായത്ത് കമ്മറ്റിയുടെ 05-09-18 ലെ അജണ്ട 17 ആയി ചർച്ച ചെയ്യുകയും പ്രസവാവധി ഓണറേറിയം അനുവദിച്ചത് നിയമാനുസൃതമാണെന്നും ആയതിനാൽ തിരിച്ചു പിടിക്കേണ്ടതില്ലെന്നും തീരുമാനിച്ചു(തീരുമാനം 7-38).

ആയതിനാൽ കെ.എസ്.ആർ.അപ്പൻഡിക്സ് ചട്ടം 2, മേൽ ഖണ്ഡികയിലെ ബഹു.ഹൈക്കോടതി ഉത്തരവ് എന്നിവ ജീവനക്കാരിക്ക് ബാധകമല്ലാത്ത സാഹചര്യത്തിലും ബഹു.തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 05.01.18 ലെ ഐബി1/344/2018/തസ്വഭവ നമ്പർ കത്തിന്റെ അടിസ്ഥാനത്തിലും ശ്രീമതി അജിഷ.എ.ആർ ടെക്നിക്കൽ അസിസ്റ്റന്റിന് പ്രസവാവധി ഓണറേറിയം ഇനത്തിൽ അനുവദിച്ച 1,26,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-2 ബാലോത്സവം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രൊജക്ട് -ബാലോത്സവം-പഠനയാത്ര (116/19)

അടങ്കൽ-1,52,000/- (പ്ലാൻ ഫണ്ട്)

ചെലവ്- 23502/-(വൗ.നം.21801430 തീയതി 27-02-2019)

85000/-(വൗ.നം.21801509 തീയതി 21-03-2019)

ആകെ ചെലവ് – 1,08,502/-

നിർവഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബാലസഭ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ വാർഡൊന്നിന് 1000/- രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40000/- രൂപയും ചെലവഴിക്കാമെന്നാണ് സ.ഉ.(കൈ)നം.22/2018/ തസ്വഭവ, തീയതി 14-02-18 മാർഗ്ഗരേഖ പ്രകാരം വ്യക്തമാക്കിയിട്ടുള്ളത്.

എന്നാൽ ഫയൽ പരിശോധിച്ചതു പ്രകാരം കെ.എം.കെ ഇവന്റ് മാനേജ് മെന്റിന് 23502/- രൂപയും (ട്രോഫി-9502, ഭക്ഷണം-14000), പടപ്പ് ഇവന്റ് മാനേജ് മെന്റിന് 85000/- രൂപയും (ഭക്ഷണം-60000, സ്റ്റേജ് ഡെക്കറേഷൻ-25000) നൽകിയിട്ടുണ്ട്. കുട്ടികൾക്കായി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന്

വ്യക്തമാക്കുന്ന റിപ്പോർട്ട് നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. അതോടൊപ്പം വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഇല്ല. മേല്പറഞ്ഞ രീതിയിൽ 1,08,502/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ മാർഗ്ഗരേഖ പ്രകാരം 16 വാർഡുകൾക്കായി 16000 രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40000/- രൂപയും ഉൾപ്പെടെ ആകെ ചെലവഴിക്കാൻ പറ്റുന്നത് 56000/- രൂപയാണ്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 52502/- (1,08,502-56000) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-3 കൺവീനർക്ക് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുന്നുണ്ട് . മൂല്യ വർദ്ധിത നികുതി, ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ അടവാക്കുന്നതിന് വേണ്ടിയാണ് ഓവർ ഹെഡ് ചാർജ് വകയിരുത്തിയിട്ടുള്ളത്. ബിൽ അനുവദിക്കുമ്പോൾ നികുതികൾ കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ മൂല്യ വർദ്ധിത നികുതി കുറക്കാതെ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. അതുകൊണ്ട് ടി പ്രവൃത്തിയിൽ കൺവീനർക്ക് അധിക തുക നൽകാനിടയായി.കൂടാതെ കരാറുകാരന്റെ ലാഭ വിഹിതം കൂടി ഉൾപ്പെടുത്തിയാണ് ഡാറ്റ തയ്യാറാക്കിയിരിക്കുന്നത്. അതിനാൽ ഈയിനത്തിൽ നൽകിയ തുക കൂടി ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. (1.7.2017 ന് ശേഷം നടപ്പാക്കുന്ന എല്ലാ മരാമത്ത് പ്രവൃത്തികൾക്കും GST ബാധകമായതിനാൽ മൂല്യ വർദ്ധിത നികുതിക്ക് പ്രൊവിഷൻ വച്ച തുക കുറച്ച് കൺവീനർക്ക് നൽകിയാൽ മതി)

1. GLPS കെട്ടിടം പൂർത്തീകരണവും ചുറ്റുമതിലും (90/19)

അടങ്കൽ -804000 (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് - 952728/- ബിൽ നമ്പർ - 65/18-19, 20.3.19

കരാർ നം : 54AE/LSGD/VNG/18-19 തീയതി.10.10.18

എംബുക്ക് നം: 189/15-16

TS N0 : 71806/2018-19

Est.No-2018/77907

കൺവീനർ : സി.എസ്.വൽസല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

Cl – 37.25 (DSR 2014)

കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 952728 |
| (-)വാറ്റ് 5% | 47636 |
| (-)IT.2% | 19054 |
| (-)KCWWF1% | 9527 |
| കരാറുകാരന്റെ ലാഭവിഹിതം | 71455 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 805056 |

കൺവീനർക്ക് നൽകിയ തുക – 924147

അധികം നൽകിയത് 924147 – 805056=119091/-
കൺവീനർക്ക് അധികം നൽകിയ തുക 119091/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തീയതി |
|---|---|---|
| 2018-19 | 19.07.19 & 20.07.19 | നം.കെ.എസ്.എ ടി.എസ്.ആർ.(എസ് 1) -1120/19 (84) 31.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2018-19 വർഷം സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ആശ്രയ | 100000 | 0 |
| | 2018-19 | 483656 | നെൽക്യഷിയ്ക്ക് വിത്ത്, ഉഴവ് കൂലി വിതരണം | 483656 | ൦ |
| | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 2018-19 | 50000 | സമഗ്ര ക്ഷീര വികസനം | 50000 | 0 |
| | 2018-19 | 600000 | വെളുത്തേടത്ത് പടി റോഡ് ടാറിംഗ്, പാലം | 0 | 600000 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 846807 | ലൈഫ് ഭവന പദ്ധതി | 846807 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | മുചക്രവാഹനം | 0 | 400000 |
| | 2018-19 | 150000 | വികലാംഗർക്ക് ഉപകരണം | 0 | 150000 |
| | 2018-19 | 150000 | പകൽവീട് | 0 | 150000 |
| | 2018-19 | 50000 | സമഗ്ര ക്ഷീര വികസനം | 50000 | 0 |
| | 2018-19 | 150000 | ശുചിത്വം- പൊതു സ്ഥലങ്ങളിലെ മാലിന്യ നിർമാർജ്ജനം നിയന്ത്രണം ക്യാമറ സ്ഥാപിക്കൽ | 150000 | 0 |
| | 2018-19 | 150000 | സ്ത്രീ സുരക്ഷ ക്യാമറ സ്ഥാപിക്കൽ | 150000 | 0 |
| | 2018-19 | 225000 | ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ | 3785 | 221215 |
| | 2018-19 | 200000 | അങ്കണവാടി പോഷകാഹാര പരിപാടി | 184244 | 15756 |
| | 2018-19 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 2018-19 | 200000 | പെയിൻ ആൻ്റ് പാലിയേറ്റീവ് | 200000 | 0 |
| | 2018-19 | 2444758 | ലൈഫ് ഭവന പദ്ധതി | 2444758 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | പി.ഡബ്ലിയു.ഡി ഇലക്ട്രോണിക്സ് | പ്രൊ.നം.179/18 സ്ത്രീസുരക്ഷ ക്യാമറ | 12,30,000 | 12,30,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | സ്ഥാപിക്കൽ | | | |
| 2 | പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽസ് | പ്രൊ.നം.184ശുചിത്വം-പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ | 3,00,000 | 3,00,000 | 0 |
| 3 | പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽസ് | പ്രൊ.നം.211 പഞ്ചായത്ത് ഓഫീസ് റീവയറിംഗ് | 6,71,000 | 6,71,000 | 0 |
| 4 | പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽസ് | മെറ്റീരിയൽ ഫെസിലിറ്റേഷൻ സെന്റർ ഇലക്ട്രിഫിക്കേഷൻ പ്രൊ.നം.181/19 | 2,36,952 | 2,36,952 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് ഭവനപദ്ധതി | - | 19099577 | 0 | 0 | 0 | 19099577 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2014-15 | 2.3 | 600 | അബദുള്ളകുട്ടി, കോൺട്രാക്ടർ | 1181510101842 തിയ്യതി.01.08.2018 |
| 2014-15 | 2.3 | 600 | പി എം ഹംസ, കോൺട്രാക്ടർ | 118150101853 തിയ്യതി.02.08.2018 |
| 2014-15 | 2.3 | 600 | എം ഐ സാദത്ത്, | 1181450101865 |

| | | | | |
|---|---|---|---|---|
| | | | കോൺട്രാക്ടർ | തിയ്യതി.02.08.2018 |
| 2014-15 | 2.3 | 600 | എം.എം.ഇബ്രാഹിം, കോൺട്രാക്ടർ | 118150101866 തിയ്യതി.02.08.2018 |
| 2014-15 | 2.3 | 360 | രവികുമാർ സി, ബിൽഡിംഗ് സൂപ്പർവൈസർ | 118150101872 തിയ്യതി.02.08.2018 |
| 2014-15 | 2.3 | 600 | ബാലിദ് അബ്ദുൾ സലീം, കോൺട്രാക്ടർ | 118150101874 തിയ്യതി.02.08.2018 |
| 2014-15 | 2.3 | 360 | ഷഹീർ ടി എം, ബിൽഡിംഗ് സൂപ്പർവൈസർ | 118150101876 തിയ്യതി.02.08.2018 |
| 2014-15 | 2.3 | 360 | അയൂബ്, ബിൽഡിംഗ് സൂപ്പർവൈസർ | 118150101879 തിയ്യതി.03.08.2018 |
| 2014-15 | 2.3 | 600 | എ ടി ആൻറണി, കോൺട്രാക്ടർ | 118150101885 തിയ്യതി.03.08.2018 |
| 2014-15 | 2.3 | 360 | അന്തൂബ് എൻ എസ്, ബിൽഡിംഗ് സൂപ്പർവൈസർ | 118150101887 തിയ്യതി.10.08.2018 |
| 2014-15 | 2.3 | 600 | എം അബ്ബാസ്, കോൺട്രാക്ടർ | 118150101954 തിയ്യതി.10.08.2018 |
| 2014-15 | 2.3 | 600 | എം കെ സിദ്ധിഖ്, കോൺട്രാക്ടർ | 118150102670 തിയ്യതി.05.10.2018 |
| 2014-15 | 2.3 | 600 | വി പി ജയൻ, കോൺട്രാക്ടർ | 118150101861 തിയ്യതി.2.8.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
| 1 | 2 | 3 | 4 | 5 |
| 2004-05 | 2010-11 | 5.6.5 | സമാഹരണ മുൻകൂർ നൽകി പണി പൂർത്തിയാക്കിയിട്ടില്ല പുതുശ്ശേരി ശ്മശാനത്തിൽ ചൂള നിർമ്മാണം,കോസ്റ്റ് | പുതുശ്ശേരി ശ്മശാനത്തിൽ ചൂളനിർമ്മാണം എന്ന പ്രവൃത്തി 131338/- (ഒരുലക്ഷത്തി മുപ്പത്തൊന്നായിരത്തി മുന്നൂറ്റി മുപ്പത്തി എട്ട് രൂപ) കോസ്റ്റ് ഫോർഡ് മുഖേന |

| | | | | |
|---|---|---|---|---|
| | | | ഫോർഡ്,തൃശ്ശൂർ(99-2000) | പൂർത്തീകരിക്കുകയും ആയതിന്റെ താക്കോൽ 2006ൽ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതുമാണ്. |
| 2004-05 | 2010-11 | 5.6.5 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അംഗൻവാടി കെട്ടിട നിർമ്മാണം-കെ നന്ദകുമാർ, കണ്ടംകുമരത്ത്, ചെറുതുരുത്തി(98-99 | പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ അന്നത്തെ 7-ാം വാർഡിലെ അംഗൻവാടിക്കുവേണ്ടി കെട്ടിടനിർമ്മാണം ആരംഭിച്ചതാണെങ്കിലും പ്രസ്തുത കെട്ടിടം ഇപ്പോൾ വനിത കാൻറീൻ ആയി പ്രവർത്തിച്ചുവന്നിരുന്നു. പ്രളയസമയത്ത് മരം വീണ് മേൽക്കൂരക്ക് നാശം സംഭവിച്ചു. 2019-20 വർഷത്തിലെ പദ്ധതിയിൽ റിപ്പയർ ചെയ്യുന്നതിന് ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപറഞ്ഞ അംഗൻവാടി സ്വന്തം കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുമുണ്ട് എന്ന വിവരം റിപ്പോർട്ടുചെയ്യുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിക്ക് 66592 രൂപയുടെ വാല്യേഷൻ സ്റ്റേറ്റ്മെൻറ് തയ്യാറാക്കിയിട്ടുള്ളതും ഗുണഭോക്തൃ സമിതിക്ക് 66000 രൂപ(അഡ്വാൻസ് 31000 + വാല്യേഷൻ പ്രകാരമുള്ള ബാലൻസ് 35000) നൽകിയതായും കാണുന്നുണ്ട്. ഫൈനൽ ബിൽ തയ്യാറാക്കിയതായി കാണുന്നില്ല. |
| 2004-05 | 2010-11 | 5.6.5 | കല്ലേകുണ്ട് വാട്ടർ സപ്ലൈ സ്കീം-ശിവദാസൻ, തെക്കേതൊടിയിൽ, ചെറുതുരുത്തി(99-2000) | നിലവിലെ സ്ഥിതി പരിശോധിച്ചതിൽ ഈ കുടിവെള്ള പദ്ധതി ഇപ്പോൾ പ്രവർത്തിച്ചുവരുന്നതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃസമിതിക്ക് 90345(അഡ്വാൻസ് 24000+ഇലക്ട്രിസിറ്റി കണക്ഷന് 1845 + OYEC 5000 + മോട്ടോറും അനുബന്ധ സമാഗ്രികളും 59500) രൂപ നൽകിയിട്ടുള്ളതായും സമിതി ഈ തുകയ്ക്ക് പ്രവർത്തികൾ നടത്തിയിട്ടുള്ളതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ വാല്യേഷൻ സ്റ്റേറ്റ്മെന്റോ ബില്ലോ തയ്യാറാക്കിയതായി കാണുന്നില്ല.ഈ വിഷയത്തിൽ പഞ്ചായത്തിന് കാര്യമായ നഷ്ടംമൊന്നും സംഭവിച്ചതായി കാണുന്നില്ല. |
| 2004-05 | 2010-11 | 5.6.5 | ഇരട്ടകുളം വാട്ടർ സപ്ലൈ സ്കീം-നാരായണൻ, കുന്നത്ത്, ചെറുതുരുത്തി, (99-2000) | നിലവിലെ സ്ഥിതി പരിശോധിച്ചതിൽ ഈ കുടിവെള്ള പദ്ധതി പ്രവർത്തിച്ച് വന്നിരുന്നതാണ്. എന്നാൽ വാട്ടർ ടേബിൾ താഴ്ന്നതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്ന് കാണുന്നു. ഫയൽ പരിശോധിച്ചതിൽ ഈ പ്രവർത്തിക്ക് 91345(അഡ്വാൻസ് 24000+ OYEC6000 +ഇലക്ട്രിസിറ്റി1845 മോട്ടോറും അനുബന്ധ സമാഗ്രികളും 59500 രൂപ) അനുവദിച്ചതായും പ്രസ്തുത തുകയുടെ പ്രവർത്തികൾ നടത്തിയതിന്റെ ബില്ലുകൾ |

| | | | | |
|---|---|---|---|---|
| | | | | സൂക്ഷിച്ചതായും കാണുന്നുണ്ട്. എന്നാൽ ബില്ലോ വാല്യേഷൻ സ്റ്റേറ്റ്മെന്റോ തയ്യാറാക്കിയതായി കാണുന്നില്ല. |
| 2004-05 | 2010-11 | 5.6.5 | മുല്ലക്കപറമ്പ് വാട്ടർ സപ്ലൈ, തിരുവല്ലത്ത്, ചെറുതുരുത്തി,(99-2000) | നിലവിലെ സ്ഥിതി പരിശോധിച്ചതിൽ ഈ കുടിവെള്ള പദ്ധതി ഇപ്പോൾ പ്രവർത്തിച്ചുവരുന്നതായി കാണുന്നു.ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതിക്ക് 100080 രൂപ ( അഡ്വാൻസ് 35000 + OYEC5000 +ഇലക്ട്രിസിറ്റി 2460 + മോട്ടോറും അനുബന്ധ സമാഗ്രികളും 57620 രൂപ) അനുവദിച്ചതായും പ്രസ്തുത തുകയുടെ പ്രവർത്തികൾ നടത്തിയതിന്റെ ബില്ലുകൾ സൂക്ഷിച്ചതായി കാണുന്നുണ്ട്. എന്നാൽ ബില്ലോ വാല്യേഷൻ സ്റ്റേറ്റ്മെന്റോ തയ്യാറാക്കിയതായി കാണുന്നില്ല . |
| 2004-05 | 2010-11 | 5.6.5 | വെട്ടിക്കാട്ടിരി ലക്ഷം വീട് കോളനി വാട്ടർ സപ്ലൈ- മൊയ്തുണ്ണി, മന്തിയിൽ, വെട്ടിക്കാട്ടിരി(99-2000) | നിലവിലെ സ്ഥിതി പരിശോധിച്ചതിൽ ഈ കുടിവെള്ള പദ്ധതി ഇപ്പോൾ പ്രവർത്തിച്ചുവരുന്നതായി കാണുന്നു.ഫയൽ പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതിക്ക് 81965 രൂപ( അഡ്വാൻസ് 33000+ OYEC5000 +ഇലക്ട്രിസിറ്റി1845 മോട്ടോറും അനുബന്ധ സമാഗ്രികളും 42120 രൂപ) അനുവദിച്ചതായും പ്രസ്തുത തുകയുടെ പ്രവർത്തികൾ നടത്തിയതിന്റെ ബില്ലുകൾ സൂക്ഷിച്ചതായും കാണുന്നുണ്ട്. എന്നാൽ ഫൈനൽ ബില്ല് തയ്യാറാക്കിയതായി കാണുന്നില്ല. ഈ വിഷയത്തിൽ പഞ്ചായത്തിന് കാര്യമായ നഷ്ടം മൊന്നും സംഭവിച്ചതായി കാണുന്നില്ല. |
| 2004-05 | 2010-11 | 5.6.5 | ചെറുതുരുത്തി ഹൈസ്കൂൾ- ടി-, കെ വി കമറുദ്ദീൻ മാസ്റ്റർ, ജി എച്ച് എസ് എസ്, ചെറുതുരുത്തി(99-2000) | ഈ പദ്ധതി 2004ൽ പൂർത്തീകരിച്ചിട്ടുണ്ട്.ഫൈനൽ ബിൽ ഒ.ആ.ഫീ.5/992000ൽ രേഖപ്പെടുത്തി 31.7.206 ൽ 498203 നമ്പർ ചെക്കുപ്രകാരം ബാലൻസ് തുക കൺവീനർക്ക് നൽകിയിട്ടുമുണ്ട്. |
| 2004-05 | 2010-11 | 5.6.5 | പള്ളിക്കൽ കടവത്തൊടി റോഡ്-കെ ആർ വാസുദേവൻ, കടവത്തൊടി, പള്ളിക്കൽ(97-98) | നിലവിലെ സ്ഥിതി പരിശോധിച്ചതിൽ പ്രസ്തുത സ്ഥലത്ത് കോൺക്രീറ്റ് റോഡ് ഉണ്ട്. ഫയൽ പരിശോധിച്ചതിൽ 72347 രൂപയുടെ പാർട്ട് ബിൽ തയ്യാറാക്കിയിട്ടുള്ളതായി കാണുന്നു. ഗുണഭോക്തൃസമിതിക്ക് 119724 രൂപ (അഡ്വാൻസ് 49000+വാല്വേഷൻ പ്രകാരം 15299+ഫസ്റ്റ് ആൻറ് പാർട്ട്55425 ) അനുവദിച്ചതായും കാണുന്നുണ്ട്. 22.02.2001 ൽ ഗുണഭോക്തൃ സമിതി യോഗംചേർന്ന് റോഡ് വർക്ക് ചെയ്തതിൽ എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ സംഖ്യ കമ്മിറ്റി ചെലവ് ചെയ്തതായും കമ്മിറ്റിക്ക് |

| | | | | |
|---|---|---|---|---|
| | | | | നഷ്ടം സംഭവിച്ചതായും ആയതിനാൽ തുടർന്ന് പണി നടത്തുവാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ ഇതുവരെയുള്ള പണി അളവെടുത്ത് അവസാനിപ്പിക്കുവാൻ തീരുമാനിച്ചതായും കാണുന്നുണ്ട്. ഇതനുസരിച്ച് പ്രവർത്തി മേൽനോട്ടം നടത്തിയ എഞ്ചിനീയറോട് ബിൽ തയ്യാറാക്കുന്നതിന് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നെങ്കിലും ഫൈനൽ ബില്ല് തയ്യാറാക്കിയതായി കാണുന്നില്ല. 230 മീറ്റർ നീളം റോഡ് ടാർ ചെയ്യുന്നതിനും 4.5 മീറ്റർ നീളത്തിൽ ഒരു കാഡ കനാൽ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. |
| 2004-05 | 2010-11 | 5.6.5 | പള്ളം ഭാരതപ്പുഴ കടവു റോഡ്-(99-2000) | അഡ്വാൻസ് ആയി നൽകിയ തുക പലിശസഹിതം ഈടാക്കുന്നതിന് നോട്ടീസ് നൽകിയതു പ്രകാരം കൺവീനർ അഡ്വാൻസ് തുക 33000/- രൂപ പഞ്ചായത്തിൽ 30.7.2014ന് അടവാക്കിയിട്ടുണ്ട്. |
| 2015-16 | 2016-17 | 2 | തൊഴിൽനികുതി രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18.2 പ്രകാരം വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട ഡിമാൻറ് രജിസ്റ്റർ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ , സ്ഥാപന രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ച് പോരുന്നുണ്ട് |
| 2015-16 | 2016-17 | 2 | തൊഴിൽനികുതി ഈടാക്കുന്നില്ല, തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്നും വരുമാനത്തിന് അനുസൃതമായി 2015-16 വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. |
| 2015-16 | 2016-17 | 2 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 2004 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷത്തിലും സ്ഥാപന നികുതി ഈടാക്കിവരുന്നുണ്ട്. |
| | 2016-17 | 4.3 | നടപടി ക്രമങ്ങൾ പാലിക്കാതെ വിനോദസഞ്ചാരവകുപ്പിന് കെട്ടിട നിർമ്മാണാനുമതി നൽകി | തൃശ്ശൂർ ജില്ലയേയും പാലക്കാട് ജില്ലയേയും വേർത്തിരിക്കുന്ന ചരിത്രപ്രസിദ്ധമായ ഭാരതപ്പുഴയുടെ തീരത്ത്സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത്. കേരള കലാമണ്ഡലം സ്ഥിതിചെയ്യുന്നത് ഈ ഗ്രാമപഞ്ചായത്തിലാണ്. ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന വിനോദ |

| | | | | |
|---|---|---|---|---|
| | | | | സഞ്ചാരവികസനത്തിന് വളരെയധികം സാധ്യതകളുള്ള ഈ പഞ്ചായത്തിലെ അത്തരമൊരു സാധ്യത മുന്നിൽ കണ്ടുകൊണ്ടാണ് വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ കൊച്ചിൻ പാലത്തിന് സമീപം ചെറുതുരുത്തി വില്ലേജിൽ സർവെ.നം.735 ൽ ഉള്ള സ്ഥലത്ത് പഞ്ചായത്ത് ഭരണസമിതിയുടെ 4/2/2011 ലെ 9(1) നമ്പർ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ നിള ഹെറിറ്റേജ് എന്ന പദ്ധതിയിലുൾപ്പെടുത്തി വിനോദസഞ്ചാരവകുപ്പിന് ടൂറിസം കോംപ്ലക്സ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. തുടർന്ന് പണി പൂർത്തീകരിച്ച് വൈദ്യുതി കണക്ഷനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തന്നെയാണ് അനുവദിച്ചിട്ടുള്ളത്. മാത്രമല്ല നിള ഹെറിറ്റേജ് കോംപ്ലക്സിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിൽ തന്നെ നിക്ഷിപ്തമായിട്ടുള്ളതും വിനോദസഞ്ചാരവകുപ്പുമായി നിയമാനുസൃതം കരാർ ഉടമ്പടിയിൽ ഏർപ്പെട്ട് ടൂറിസം കോംപ്ലക്സിന്റെ നടത്തിപ്പ് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതുമാണ്. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,45,22,997 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,36,98,847 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,97,593 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,21,000 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 84000 | രോഹിണി.എം.എസ്, സെക്രട്ടറി(ഇൻ ചാർജ്ജ്) |
| | | | |

| | | | |
|---|---|---|---|
| | | 42000 | അജില യു.എസ്, സെക്രട്ടറി |
| 3-2 | | 52502 | വസുമതി.കെ.ബി., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-3 | | 119091 | അജയകുമാർ.പി.കെ, അസി.എഞ്ചിനീയർ |
| ആകെ | | 2,97,593 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 50,000 | ഡോ.സുരേഷ്.എ.വി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-35 | 97,1000 | രോഹിണി.എം.എസ്, സെക്രട്ടറി(ഇൻ ചാർജ്ജ്) |
| ആകെ | 10,21,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | രോഹിണി.എം.എസ്, സെക്രട്ടറി(ഇൻ ചാർജ്ജ്) | അസി. സെക്രട്ടറി | ഐശ്വര്യ,ഗ്രാമം റോഡ്, ചേലക്കര, തൃശ്ശൂർ |
| 2 | അജില യു.എസ്, സെക്രട്ടറി | സെക്രട്ടറി | അറഫ, അയ്യൻകവിൽ, ചെമ്പഴന്തി പി ഒ, തിരുവനന്തപുരം-695587 |
| | | | |

| | | | |
|---|---|---|---|
| 3 | വസുമതി.കെ.ബി., ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പുളർക്കര വീട്, പുളർക്കര, അയ്യന്തോൾ പി ഒ, തൃശ്ശൂർ . |
| 4 | അജയകുമാർ.പി.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | പള്ളത്തേരി വീട്, മറ്റത്തൂർ കുന്ന് , തൃശ്ശൂർ.-680684 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 69-70 | എൽ.എഫ്.ടി.-16615/73/10/1 | 2 |
| 71-72 | എൽ.എഫ്.ടി.1-2087/74/ 02.07.74 | 5 |
| 73-74 | എൽ.എഫ്.ടി.1- 5829/75/ 23.12.75 | 2 |
| 74-75 | എൽ.എഫ്.ടി.10- 47/87/2/2/87 | 10 |
| 75-76 | എൽ.എഫ്.ടി.4-267/77/ 05.09.77 | 15 |
| 76-77 | എൽ.എഫ്.ടി4- 1954/78/ 04.08.78 | 10 |
| 77-78 | എൽ.എഫ്.ടി.10-1512/81/ 02.12.81 | 10 |
| 78-79 | എൽ.എഫ്.ടി.10-1572/81/ 02.12.81 | 14 |
| 82-83 | എൽ.എഫ്.ടി.എസ്.2-1612/11/ 27.10.11/13.01.12 | 2 |
| 83-84 | | 2 |
| 84-85 | | 1 |
| 85-86 | | 5 |
| 86-87,87-88 | | 10 |
| 88-89,89-90 | | 9 |
| 90-91 | | 3 |
| 91-92 | | 9 |
| 92-93, 93-94 | | 11 |
| 94-95 | | 19 |
| 95-96 | | 3 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-768/97/ 03.07.99/ 04.11.99 | |
| 96-97 (വരവ്) | എൽ.എഫ്.ടി.10-1084/05/ 03.12.05 | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-1383/99/ 13.03.2000 | |
| 98-99 | എൽ.എഫ്.ടി.12-619/01/ 16.07.01 | |

| | | |
|---|---|---|
| 99-2000 (ചെലവ്) | എൽ.എഫ്.ടി.10- 1024/03/ 03-10-03/08-09-04 | |
| 99-2000 (വരവ്) | എൽ.എഫ്.ടി.10- 1935/07/ 08.11.08 | |
| 2000-01 | എൽ.എഫ്.ടി.10-1573/08/ 11.02.04 | |
| 2000-01 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-1918/07/ 18.11.08 | |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-864/08/ 29.07.09 | |
| 2002-03 | എൽ.എഫ്.ടി.10-865/08/ 29.07.09/ 07.10.09 | |
| 2003-04 | എൽ.എഫ്.ടി.10-2661/08/ 15.09.10 | |
| 2004-05 | എൽ.എഫ്.ടി.10-2662/08/ 15.09.10 | |
| 2005-06 | എൽ.എഫ്.ടി.10-584/10/ 15.09.10 | |
| 2006-07 | എൽ.എഫ്.ടി.10-585/10/ 15.09.10 | |
| 2007-08 | എൽ.എഫ്.ടി.10-1147/10/ 19.03.11 | |
| 2008-09 | എൽ.എഫ്.ടി.10-1165/10 / 22.03.11/ 03.10.11 | |
| 2009-10 & 2010-11 | എൽ.എഫ്.ടി.പി4-2277/12/ 13.02.13 | |
| 2011-12 | എൽ.എഫ്.ടി.പി4-1057/13/ 22.11.13/ 20.12.13 | |
| 2012-13 | എൽ.എഫ്.ടി.പി4-252/14, 22.07.14/4.10.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി-4)770/15, 12-10-2015/ 21-10-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി-4)1000/16/24-06-2016 | |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)1893/16/5.11.16 | |
| 2016-17<br>2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)1233/17/7.8.17<br>നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)-711/19, 22.5.19 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി4)......................

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,.

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 05.03.2020

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ